ഖുർആൻ
വെളിച്ചത്തിന്റെ
വെളിച്ചം

msmkerala

മിസ്ബാഹ്

30ാമത് അന്താരാഷ്ട്ര ഖുർആൻ വിജ്ഞാന പരീക്ഷ

2026 മാർച്ച് 8, ഞായർ

സിലബസ്

ജൂനിയർ - സൂറ: ഖാഫ്, അൽ മുൽക്ക്

ഓൺലൈൻ

മെഗാ
PRIZE
പരിശുദ്ധ
ഉംറ

For More Info:
7034000909
7034540141

TOTAL PRIZE
WORTH
150K

LEARN THINK DEDICATE

MSM KERALA STATE COMMITTEE
MARKAZUDA'WA, ROAD, CALICUT-2

سورة ق

50. സൂറതു-ക്വാഫ്

മക്കഃയിൽ അവതരിച്ചത്-വചനങ്ങൾ 45-വിഭാഗം (റുകൂഉ്)3

മുഖവുരയിൽ പ്രസ്താവിച്ചിട്ടുള്ളത് പോലെ വിശുദ്ധ ക്വുർആന്റെ അദ്ധ്യായങ്ങൾ അവയുടെ വലുപ്പ വ്യത്യാസവും മറ്റും പരിഗണിച്ചു നാലുഭാഗമായി പരിഗണിക്കപ്പെടാറുണ്ട്.

1) ദീർഘമായ അദ്ധ്യായങ്ങൾ (السبع الطوال)

2) നൂറോ അധികമോ ആയത്തുകൾ അടങ്ങുന്നവ (المئون)

3) നൂറിൽ അൽപം കുറവുള്ളവ (المثاني)

4) ചെറിയ ആയത്തുകളോടുകൂടിയതും, ആയത്തുകളുടെ അവസാനത്തിൽ ഒരുതരം പ്രാസസ്വഭാവത്തോടുകൂടിയ അക്ഷരക്രമം കാണാവുന്നതുമായ സൂറത്തുകൾ (المفصلات) ഇവയാണത്. ഈ ഒടുവിൽ പറഞ്ഞ المفصل (മുഫസ്സ്വൽ) വിഭാഗത്തിന്റെ തുടക്കം ചിലർ സൂറത്തുൽ ഹുജുറാത്ത് (الحجرات) മുതൽക്കും, ചിലർ വേറെ സൂറത്ത് മുതൽക്കും കണക്കാക്കുന്നു. ഇമാം ഇബ്നു കഥീർ (റ) പ്രസ്താവിച്ചതുപോലെ മുഫസ്സ്വലിന്റെ തുടക്കം സൂറത്ത് ക്വാഫ് മുതൽക്കാണെന്നുള്ള അഭിപ്രായമായിരിക്കും കൂടുതൽ ശരിയായതെന്നാണ് മനസ്സിലാകുന്നത്. الله اعلم

تحزيب القرآن (ക്വുർആനെ ഹിസ്ബാക്കൽ, * അഥവാ ദിനകണ്ഠമാക്കൽ) എന്ന

***(*)** രാത്രിനമസ്കാരങ്ങളിൽ ദിവസംതോറും ക്വുർആനിൽ നിന്ന് കുറേ ഭാഗം പാരായണം ചെയ്യൽ പല സ്വഹാബികളുടെയും പതിവായിരുന്നു. സ്വഹാബികളുടെ മാത്രമല്ല, ഭയഭക്തൻമാരായ പലരുടെയും പതിവാണത്. ഓരോ ദിവസത്തെയും പാരായണത്തിന് ഉപയോഗിക്കപ്പെടാറുള്ള ഭാഗത്തിന് حزب (ഹിസ്ബ് = ദിനകാണ്ഡം) എന്ന് പറയപ്പെട്ടിരുന്നു. ക്വുർആന്റെ പാരായണ മര്യാദകൾക്കനുസരിച്ച് നന്നായി പാരായണം ചെയ്യുക എന്ന ▸▸*

ശീർഷകത്തിൽ ഇമാം അബൂദാവൂദ് (റ) ഉദ്ധരിച്ചിട്ടുള്ള ഒരു ഹദീഥിൽ, അതിന്റെ റാവി (നിവേദകൻ) ആയ ഔസുബ്നു ഹുദൈഫഃ(റ) ഇപ്രകാരം പറയുന്നു :

'റസൂൽ തിരുമേനിﷺയുടെ സ്വഹാബികളോട് അവർ എങ്ങിനെയായിരുന്നു ക്വുർആനെ ഹിസ്ബാക്കിയിരുന്നത് എന്ന് ഞാൻ ചോദിച്ചു. അവർ ഇങ്ങിനെ പറഞ്ഞു: മൂന്നും, അഞ്ചും,ഏഴും, ഒമ്പതും, പതിനൊന്നും, പതിമൂന്നും, മുഫസ്സ്വലിന്റെ വിഭാഗവും ഇങ്ങിനെയാണ്'. വേറെ മാർഗങ്ങളിൽകൂടി ഇമാം അഹ്മദ്, ഇബ്നു മാജഃ (റ) എന്നിവരും ഇതുപോലെ നിവേദനം ചെയ്തിരിക്കുന്നു. ഇതിലെ മൂന്ന് അൽബക്വറഃ മുതൽ തുടങ്ങുന്നു. അഞ്ച് മാഇദഃ മുതലും, ഏഴ് യൂനുസ് മുതലും, ഒമ്പത് ഇസ്റാഉ് മുതലും, പതിനൊന്ന് ശുഅറാഉ് മുതലും, പതിമൂന്ന് സ്വാഫ്-ഫാത്ത് മുതലും ആരംഭിക്കുന്നു. എല്ലാം ചേർന്നാൽ ആകെയുള്ള 48 എണ്ണം സൂ: ഹുജുറാത്തോട് കൂടി അവസാനിക്കുന്നു. അപ്പോൾ മുഫസ്സ്വലിന്റെ വിഭാഗം (حزب المفصل) സൂ: ക്വാഫ് മുതൽ അവസാനംവരെയാണെന്ന് വ്യക്തമായല്ലോ.

പെരുന്നാൾ നമസ്കാരത്തിൽ നബിﷺസൂ: ക്വാഫും, സൂ:ക്വമറും (ق ، واقتربت الساعة) ഓതാറുണ്ടായിരുന്നതായി അബൂവാക്വിദില്ലൈഥി (أبو واقد الليثي) നിവേദനം ചെയ്തിരിക്കുന്നു. (അ; മു; ദാ; തി; ജ; ന) സൂ: ക്വാഫ് നബിﷺയുടെ നാവിൽ നിന്നല്ലാതെ ഞാൻ സ്വീകരിച്ചിട്ടില്ല (പഠിച്ചിട്ടില്ല). എല്ലാ വെള്ളിയാഴ്ചയും പ്രസംഗം ചെയ്യുമ്പോൾ മിമ്പറിൽ (പ്രസംഗപീഠത്തിൽ) വെച്ച് തിരുമേനി അത് ഓതാറുണ്ടായിരുന്നു. ഞങ്ങളുടെയും, തിരുമേനിയുടെയും (റൊട്ടി പാകം ചെയ്വാനുള്ള) അടുപ്പ് കുറച്ച് കാലത്തോളം ഒന്നായിരുന്നു, എന്നിങ്ങിനെ ഹാരിഥിന്റെ പുത്രിയായ ഉമ്മുഹിശാം (أم هشام بنت الحارث–رضـ) എന്ന വനിതാ സ്വഹാബിയും പ്രസ്താവിച്ചിരിക്കുന്നു.(അ; മു; ദാ; ജ; ന)സൃഷ്ടിയുടെ ആരംഭം,മരണം, മരണാനന്തരജീവിതം, പരലോകം, വിചാരണ, സ്വർഗനരകങ്ങൾ ആദിയായവയെ സംബന്ധിച്ച് ഈ സൂറത്തിൽ ഊന്നി പ്രസ്താവിച്ചിട്ടുള്ളതും, 37-ാം വചനത്തിലും, അവസാനത്തെ വചനത്തിലും കാണാവുന്നത് പോലെ ചിന്തിക്കുന്ന ഹൃദയമുള്ള എല്ലാവർക്കും ചിന്തിച്ചറിയുവാനും, ഭയഭക്തി ഉളവാക്കുവാനും പോരുന്നതുമായ ഒരു മഹത്തായ അദ്ധ്യായമത്രെ സൂ:ക്വാഫ്. അതുകൊണ്ടുതന്നെയാണ് പെരുന്നാൾ ദിവസങ്ങളിലും, ജുമുഅഃ ദിവസങ്ങളിലും, ജനസദസ്സുകളിൽ വെച്ചും നബിﷺ ഈ സൂറത്ത് ഓതിക്കേൾപ്പിക്കുക പതിവാക്കിയിരുന്നതും.

▶▶ ***അർത്ഥത്തിൽ സാധാരണക്കാർക്കിടയിൽ-നമ്മുടെ രാജ്യങ്ങളിൽ-ഹിസ്ബ് എന്ന വാക്ക് ഉപയോഗിച്ചു കാണുന്നു. ഇതെങ്ങിനെ വന്നുകൂടി എന്നറിയുന്നില്ല. ഒരുപക്ഷേ, ദിനംതോറും പാരായണം ചെയ്വാൻ നിശ്ചയിച്ചതോതിനെ ഉദ്ദേശിച്ചായിരിക്കാം അത് ഉപയോഗിക്കാൻ തുടങ്ങിയത്. ഏതായാലും, ക്വുർആൻ നന്നായി പാരായണം ചെയ്യുന്നതിന് تجويد (തജ്വീദ്) എന്നത്രെ യഥാർത്ഥത്തിൽ പറയേണ്ടത്.***

بِسۡمِ ٱللَّهِ ٱلرَّحۡمَـٰنِ ٱلرَّحِيمِ

പരമകാരുണികനും, കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

قٓ ۚ وَٱلۡقُرۡءَانِ ٱلۡمَجِيدِ ﴿١﴾

﴾1﴿ ക്വാഫ്
മഹത്വമേറിയ ക്വുർആൻ തന്നെയാണ(സത്യം)!

﴾1﴿ قٓ ക്വാഫ് وَٱلۡقُرۡءَانِ ക്വുർആൻ തന്നെയാണ ٱلۡمَجِيدِ മഹത്വമേറിയ

ക്വാഫ് പോലെ ചില സൂറത്തുകളുടെ ആരംഭത്തിൽ കാണുന്ന കേവലാക്ഷരങ്ങളെയും, ക്വുർആനിൽ കാണപ്പെടുന്ന സത്യവാചകങ്ങളെയും പരാമർശിച്ചുകൊണ്ട് നാം പലപ്പോഴും സംസാരിച്ചിട്ടുള്ളതുകൊണ്ട് ഇവിടെ കൂടുതലൊന്നും പ്രസ്താവിക്കുന്നില്ല. ക്വാഫ്മല (جبل قاف) എന്ന പേരിൽ ഭൂമിയെ വലയം ചെയ്തുകൊണ്ടുള്ള ഒരു മലയുണ്ടെന്നും, അതാണിവിടെ ഉദ്ദേശ്യമെന്നും മുമ്പ് ചില ആളുകൾ പ്രസ്താവിക്കാറുണ്ടായിരുന്നു. ചില പാമര മുസ്‌ലിംകളിൽ ഇന്നും അങ്ങിനെ വിശ്വസിക്കുന്നവരുണ്ട്. ഇത്-ഇമാം ഇബ്നുകഥീർ(റ) മുതലായവർ പ്രസ്താവിക്കുന്നത്പോലെ - അടിസ്ഥാനരഹിതമായ ഇസ്റാഈലീ കഥയോ, മതത്തിൽ ആശയക്കുഴപ്പം സൃഷ്ടിച്ചുവിടുവാൻവേണ്ടി നിർമതവാദികൾ പടച്ചുവിട്ടതോ ആയിരിക്കുമെന്നുള്ളതിൽ സംശയമില്ല.

നബി തിരുമേനിﷺയുടെ പ്രവാചകത്വം, മരണാനന്തരജീവിതം തുടങ്ങി ഈ അദ്ധ്യായത്തിലും മറ്റും ക്വുർആൻ പ്രസ്താവിക്കുന്ന വിഷയങ്ങളെല്ലാം പരമാർത്ഥങ്ങളാണെന്ന് ക്വുർആൻ മുഖേന ആണയിട്ട് കൊണ്ട് അല്ലാഹു സൂറത്ത് ആരംഭിക്കുന്നു. തുടർന്നുകൊണ്ട് ഗൗരവമേറിയ ഈ യാഥാർത്ഥ്യത്തെ നിഷേധിക്കുന്നവരെക്കുറിച്ച് പറയുന്നു.

بَلۡ عَجِبُوٓاْ أَن جَآءَهُم مُّنذِرٞ مِّنۡهُمۡ فَقَالَ ٱلۡكَـٰفِرُونَ هَـٰذَا شَيۡءٌ عَجِيبٌ ﴿٢﴾

﴾2﴿ പക്ഷേ, അവർക്ക് തങ്ങളിൽനിന്ന് ഒരു മുന്നറിയിപ്പ് നൽകുന്നവൻ വന്നിട്ടുള്ളതിനാൽ അവർ ആശ്ചര്യപ്പെടുകയാണ് ! എന്നിട്ട് (ആ) അവിശ്വാസികൾ പറയുന്നു : ഇതൊരു ആശ്ചര്യകരമായ കാര്യമാണ് ;

﴾2﴿ بَلۡ എങ്കിലും, എന്നാൽ, പക്ഷേ عَجِبُوٓاْ അവർ ആശ്ചര്യപ്പെടുകയാണ് أَن جَآءَهُم അവർക്ക് വന്നതിനാൽ مُنذِر ഒരു മുന്നറിയിപ്പ്(താക്കീത്)കാരൻ مِّنۡهُمۡ

അവരിൽ നിന്ന് فَقَالَ എന്നിട്ട് പറഞ്ഞു,പറയുന്നു ٱلْكَـٰفِرُونَ അവിശ്വാസികൾ هَـٰذَا ഇത് شَىْءٌ عَجِيبٌ ആശ്ചര്യ(അത്ഭുത)കരമായ ഒരു കാര്യം(വസ്തുത)ആകുന്നു.

أَءِذَا مِتْنَا وَكُنَّا تُرَابًا ۖ ذَٰلِكَ رَجْعٌۢ بَعِيدٌ ﴿٣﴾

《3》 നാം മരിക്കുകയും, മണ്ണായി ത്തീരുകയും ചെയ്തിട്ടാണോ (വീണ്ടും മടക്കപ്പെടുന്നത്)?! അത് വിദൂരമായ ഒരു മടക്കമത്രെ !

《3》 أَءِذَا مِتْنَا നാം മരിച്ചിട്ടോ, മരണപ്പെട്ടാലോ وَكُنَّا تُرَابًا നാം മണ്ണായിത്തീരുകയും ذَٰلِكَ رَجْعٌ അതൊരു മടക്കമാണ് بَعِيدٌ വിദൂരമായ (പ്രയാസപ്പെട്ട)

നബിﷺയുടെ പ്രവാചകത്വത്തെയും, മരണാനന്തരജീവിതത്തെയും നിഷേധിക്കുന്ന മുശ്‌രിക്കുകളുടെ ദൃഷ്ടിയിൽ, അത് രണ്ടും അസംഭവ്യമായ കാര്യങ്ങളായിട്ടാണുള്ളത്. മനുഷ്യരിൽ നിന്ന് ദൈവദൂതൻ ഉണ്ടാകുന്നതെങ്ങിനെ ? മരിച്ചു മണ്ണായിത്തീർന്ന മനുഷ്യൻ പിന്നെ ജീവിപ്പിക്കപ്പെടുന്നതെങ്ങിനെ ? എന്നൊക്കെ അവർ അത്ഭുതപ്പെടുകയാണ്. അല്ലാഹു പറയുന്നു :

قَدْ عَلِمْنَا مَا تَنقُصُ ٱلْأَرْضُ مِنْهُمْ ۖ وَعِندَنَا كِتَـٰبٌ حَفِيظٌۢ ﴿٤﴾

《4》 തീർച്ചയായും നമുക്കറിയാം, അവരിൽ നിന്ന് ഭൂമി എന്താണ് കുറവ് വരുത്തുന്നതെന്ന്. (എല്ലാം) സൂക്ഷ്മമായി (രേഖപ്പെടുത്തി)വെച്ചിട്ടുള്ള ഒരു ഗ്രന്ഥം നമ്മുടെ അടുക്കലുണ്ട്താനും.

بَلْ كَذَّبُوا۟ بِٱلْحَقِّ لَمَّا جَآءَهُمْ فَهُمْ فِىٓ أَمْرٍ مَّرِيجٍ ﴿٥﴾

《5》 എങ്കിലും, അവർക്ക് യഥാർത്ഥം വന്നപ്പോൾ അവർ അതിനെ വ്യാജമാക്കി ; അങ്ങനെ, അവർ ഇളക്കംപിടിച്ച ഒരു വിഷയത്തിലാണ് [അനിശ്ചിത നിലപാടിലാണ്.]

《4》 قَدْ عَلِمْنَا തീർച്ചയായും നമുക്കറിയാം, അറിഞ്ഞിട്ടുണ്ട് مَا تَنقُصُ ചുരുക്കുന്നതും, കുറവ് വരുത്തുന്നതും ٱلْأَرْضُ ഭൂമി مِنْهُمْ അവരിൽ നിന്ന് وَعِندَنَا നമ്മുടെ അടുക്കലുണ്ട്താനും كِتَـٰبٌ ഒരു ഗ്രന്ഥം, രേഖ حَفِيظٌ സൂക്ഷിക്കുന്ന, സൂക്ഷിക്കപ്പെടുന്ന, സൂക്ഷ്മമായ 《5》 بَلْ كَذَّبُوا۟ എങ്കിലും അവർ വ്യാജമാക്കി, കളവാക്കി بِٱلْحَقِّ യഥാർത്ഥത്തെ لَمَّا جَآءَهُمْ അതവർക്ക് വന്നപ്പോൾ, വന്നാറെ فَهُمْ എന്നിട്ടവർ فِىٓ أَمْرٍ ഒരു വിഷയ(കാര്യ)ത്തിലാണ് مَّرِيجٍ ഇളക്കം പിടിച്ച (അനിശ്ചിതമായ, ചഞ്ചലമായ)

മരണപ്പെട്ടവരുടെ ശരീരത്തിൽ നിന്ന് എന്തെല്ലാം, എത്രയെല്ലാം, എങ്ങിനെയെല്ലാം നശിച്ചുപോകുന്നുണ്ടെന്നും, എത്രഭാഗം നഷ്ടപ്പെടുന്നുണ്ടെന്നും നമുക്കറിയാം. എല്ലാം സസൂക്ഷ്മം നമ്മുടെ അടുക്കൽ രേഖപ്പെടുത്തിവെക്കുന്നുണ്ട്. ജഡംമണ്ണിൽ ലയിച്ചാൽ പിന്നെയും അതിനെ ജീവിപ്പിക്കുന്നത് നമുക്ക് ഒട്ടും പ്രയാസമില്ല. ഇങ്ങിനെയുള്ള യാഥാർത്ഥ്യങ്ങൾ പ്രവാചകൻ മുഖേന അവരെ മനസ്സിലാക്കുമ്പോൾ അതിനെപ്പറ്റി ചിന്തിക്കാതെ, അവർ നിഷേധിക്കുകയാണ് ചെയ്യുന്നത്. നിഷേധത്തിലാകട്ടെ, അവരുടെ നില അസ്ഥിരമാണ് താനും എന്ന് സാരം. ക്വുർആനെയും നബിﷺയെയും സംബന്ധിച്ചു ജാലം, ജാലക്കാരൻ, കവിത, കവി, ജോത്സ്യം, ജോത്സ്യക്കാരൻ, ഭ്രാന്ത്, ഭ്രാന്തൻ എന്നൊക്കെ പരസ്പര വിരുദ്ധമായ അവരുടെ പ്രസ്താവനകൾ അവരുടെ അനിശ്ചിതത്വത്തെയാണല്ലോ കാണിക്കുന്നത്.

أَفَلَمْ يَنظُرُوٓا۟ إِلَى ٱلسَّمَآءِ فَوْقَهُمْ كَيْفَ بَنَيْنَـٰهَا وَزَيَّنَّـٰهَا وَمَا لَهَا مِن فُرُوجٍ ﴿٦﴾

﴾6﴿ എന്നാൽ, തങ്ങളുടെ മീതെ ആകാശത്തേക്ക് അവർ നോക്കുന്നില്ലേ, എങ്ങിനെയാണ് നാമതിനെ സ്ഥാപിച്ചിരിക്കുന്നതും, അതിനെ അലങ്കരിച്ചിരിക്കുന്നതും എന്ന് ?! യാതൊരു വിടവുകളും [കേടുപാടും] അതിന് ഇല്ലതാനും.

وَٱلْأَرْضَ مَدَدْنَـٰهَا وَأَلْقَيْنَا فِيهَا رَوَٰسِىَ وَأَنۢبَتْنَا فِيهَا مِن كُلِّ زَوْجٍۭ بَهِيجٍ ﴿٧﴾

﴾7﴿ഭൂമിയുംതന്നെ, നാം അതിനെ നീട്ടി വിശാലപ്പെടുത്തുകയും, ഉറച്ചുനില്ക്കുന്ന പർവ്വതങ്ങളെ അതിൽ സ്ഥാപിക്കുകയും ചെയ്തിരിക്കുന്നു; കൗതുകപ്പെട്ട എല്ലാ (തരം) ഇണവസ്തുക്കളെയും അതിൽ നാം ഉല്പാദിപ്പിക്കുകയും ചെയ്തിരിക്കുന്നു.

تَبْصِرَةً وَذِكْرَىٰ لِكُلِّ عَبْدٍ مُّنِيبٍ ﴿٨﴾

﴾8﴿ (മനസ്സ്മടങ്ങി) വിനയപ്പെടുന്ന എല്ലാ അടിയാന്മാർക്കും കണ്ടറിയേണ്ടതിനും, ഓർമക്കായും [അതിനായിട്ടാണ് ഇതെല്ലാം ചെയ്തത്]

وَنَزَّلْنَا مِنَ ٱلسَّمَآءِ مَآءً مُّبَـٰرَكًا فَأَنۢبَتْنَا بِهِۦ جَنَّـٰتٍ وَحَبَّ ٱلْحَصِيدِ ﴿٩﴾

﴾9﴿ ആകാശത്ത്നിന്ന് അനുഗൃഹീതമായ വെള്ളവും [മഴയും] നാം ഇറക്കി ; എന്നിട്ട് അത്മൂലം (പല) തോട്ടങ്ങളും, കൊയ്തെടുക്കപ്പെടുന്ന ധാന്യവും ഉൽപാദിപ്പിച്ചു.

وَٱلنَّخْلَ بَاسِقَٰتٍ لَّهَا طَلْعٌ نَّضِيدٌ ﴿١٠﴾

رِّزْقًا لِّلْعِبَادِ ۖ وَأَحْيَيْنَا بِهِۦ بَلْدَةً مَّيْتًا ۚ كَذَٰلِكَ ٱلْخُرُوجُ ﴿١١﴾

﴾10﴿ (ഫലം വഹിച്ചുകൊണ്ട്) ഉയർന്ന് നില്ക്കുന്ന നിലയിൽ ഈത്തപ്പനകളും (ഉല്പാദിപ്പിച്ചു); അവയ്ക്ക് (മേല്ക്കുമേലെ) അടുക്കായുള്ള കുലയുണ്ടായിരിക്കും.

﴾11﴿ (അതെ) അടിയാൻമാർക്ക് ആഹാരത്തിനായിട്ട് അത് [വെള്ളം] മൂലം, നിർജ്ജീവമായ രാജ്യത്തെ നാം ജീവിപ്പിക്കുകയും ചെയ്തു. അതുപോലെയാണ് പുറപ്പാട് [പുനർജീവിതം]

﴾6﴿ أَفَلَمْ يَنظُرُوٓا۟ എന്നാലവർ നോക്കുന്നില്ലേ إِلَى ٱلسَّمَآءِ ആകാശത്തേക്ക് فَوْقَهُمْ തങ്ങളുടെ മീതെ كَيْفَ بَنَيْنَٰهَا അതിനെ നാം എങ്ങിനെ സ്ഥാപിച്ചുവെന്ന് وَزَيَّنَّٰهَا അതിനെ നാംഅലങ്കരിക്കുക(ഭംഗിയാക്കുക)യും ചെയ്തു وَمَا لَهَا അതിന് ഇല്ല താനും مِن فُرُوجٍ വിടവുകളായിട്ട് (ഒന്നും)﴾7﴿ وَٱلْأَرْضَ ഭൂമിയെയും مَدَدْنَٰهَا അതിനെ നാം നീട്ടി (പരത്തി, വിശാലമാക്കി) وَأَلْقَيْنَا നാം ഇടുക (ഏർപ്പെടുത്തുക, സ്ഥാപിക്കുക)യും ചെയ്തു فِيهَا അതിൽ رَوَٰسِىَ ഉറച്ച് (തറച്ച്) നിൽക്കുന്ന മലകൾ وَأَنۢبَتْنَا فِيهَا അതിൽ നാം മുളപ്പിക്കുക(ഉല്പാദിപ്പിക്കുക)യും ചെയ്തു مِن كُلِّ زَوْجٍ എല്ലാ ഇണകളെയും, ഇണകളിൽപെട്ടതും بَهِيجٍ കൗതുകപ്പെട്ട, അഴകുള്ള, മോടിയുള്ള ﴾8﴿ تَبْصِرَةً കണ്ടറിയേണ്ടതിന് وَذِكْرَىٰ ആലോചിച്ചറിയേണ്ടതിനും, ഓർമക്കായും لِكُلِّ عَبْدٍ എല്ലാ അടിയാന്നും مُّنِيبٍ വിനയപ്പെടുന്ന, മനസ്സുമടക്കമുള്ള,ഭക്തിയുള്ള ﴾9﴿ وَنَزَّلْنَا നാം ഇറക്കുകയും ചെയ്തു مِنَ ٱلسَّمَآءِ ആകാശത്തുനിന്ന് مَآءً വെള്ളം مُّبَٰرَكًا അനുഗൃഹീതമായ, ആശീർവദിക്കപ്പെട്ട فَأَنۢبَتْنَا بِهِۦ എന്നിട്ട് അത്മൂലം നാം ഉല്പാദിപ്പിച്ചു جَنَّٰتٍ പല തോട്ടങ്ങൾ وَحَبَّ ധാന്യവും, വിത്തും ٱلْحَصِيدِ കൊയ്തെടുക്കപ്പെടുന്നതിന്റെ ﴾10﴿ وَٱلنَّخْلَ ഈത്തപ്പനയും, ഈന്തമരവും بَاسِقَٰتٍ ഉയർന്ന്നിൽക്കുന്ന നിലയിൽ, വഹിച്ചുംകൊണ്ട് لَّهَا അതിന്നുണ്ട്, അവക്കുണ്ട് طَلْعٌ കുല نَّضِيدٌ അടുക്കായ, ഇടതിങ്ങിയ ﴾11﴿ رِّزْقًا ആഹാരത്തിന്, ഉപജീവനമായിട്ട് لِّلْعِبَادِ അടിയാൻമാർക്ക് وَأَحْيَيْنَا بِهِۦ അത്മൂലം നാം ജീവിപ്പിക്കയും ചെയ്തു بَلْدَةً രാജ്യത്തെ, പ്രദേശത്തെ مَّيْتًا ചത്ത, നിർജ്ജീവമായ كَذَٰلِكَ അത്പോലെ (അപ്രകാരം)യാണ് ٱلْخُرُوجُ പുറപ്പാട്, പുറത്ത്വരൽ

മനുഷ്യൻ സദാ അറിഞ്ഞും അനുഭവിച്ചുംകൊണ്ടിരിക്കുന്ന ഈ സത്യങ്ങളെ അവന്റെ മുമ്പിൽ നിരത്തിക്കാട്ടി തൗഹീദിനും, മരണാനന്തരജീവിതത്തിനും അവയെല്ലാം സ്പഷ്ടമായ തെളിവുകളാണെന്ന് ചൂണ്ടിക്കാട്ടുകയാണ്. മരവിച്ചതോ, ദുഷിച്ചു നശിച്ചതോ അല്ലാത്ത ഹൃദയങ്ങൾക്ക് ചിന്തിച്ചു മനസ്സിലാക്കുവാൻ ഇതൊക്കെത്തന്നെ മതി എന്നും ഓർമിപ്പിക്കുന്നു.

كَذَّبَتْ قَبْلَهُمْ قَوْمُ نُوحٍ وَأَصْحَٰبُ ٱلرَّسِّ وَثَمُودُ ﴿١٢﴾

﴾12﴿ ഇവരുടെ മുമ്പ് നൂഹിന്റെ ജനതയും റസ്സിന്റെ ആൾക്കാരും, ഥമൂദ് ഗോത്രവും വ്യാജമാക്കി.

وَعَادٌ وَفِرْعَوْنُ وَإِخْوَٰنُ لُوطٍ ﴿١٣﴾

﴾13﴿ ആദ്‌വർഗവും, ഫിർഔനും, ലൂത്വിന്റെ സഹോദരങ്ങളും :

وَأَصْحَٰبُ ٱلْأَيْكَةِ وَقَوْمُ تُبَّعٍ ۚ كُلٌّ كَذَّبَ ٱلرُّسُلَ فَحَقَّ وَعِيدِ ﴿١٤﴾

﴾14﴿ ഐക്കത്തിന്റെ [മരക്കാവിന്റെ] ആൾക്കാരും, തുബ്ബഇന്റെ ജനതയും ; എല്ലാവരും തന്നെ, റസൂലുകളെ വ്യാജമാക്കി. അതിനാൽ, എന്റെ താക്കീത് (അവരിൽ) യഥാർത്ഥമായിത്തീർന്നു.

﴾12﴿ كَذَّبَتْ വ്യാജമാക്കി قَبْلَهُمْ ഇവരുടെ (അവരുടെ)മുമ്പ് قَوْمُ نُوحٍ നൂഹിന്റെ ജനത وَأَصْحَٰبُ ٱلرَّسِّ റസ്സുകാരും وَثَمُود ഥമൂദും ﴾13﴿ وَعَادٌ ആദും وَفِرْعَوْن ഫിർഔനും وَإِخْوَٰنُ لُوطٍ ലൂത്വിന്റെ സഹോദരങ്ങളും ﴾14﴿ وَأَصْحَٰبُ ٱلْأَيْكَةِ ഐക്കത്തുകാരും وَقَوْمُ تُبَّعٍ തുബ്ബഇന്റെ ജനതയും كُلٌّ എല്ലാവരും كَذَّبَ കളവാക്കി ٱلرُّسُلَ റസൂലുകളെ, ദൂതന്മാരെ فَحَقَّ അതിനാൽ യഥാർത്ഥമായി, ന്യായമായി, അർഹമായി وَعِيد എന്റെ താക്കീത്.

الرس (റസ്സ്) എന്ന വാക്കിന് കെട്ടിപ്പടുക്കാത്ത കിണർ എന്നർത്ഥമുണ്ട്. ഏതോ ഒരു കിണറിന്റെ അഥവാ വെള്ളത്താവളത്തിന്റെ – അടുക്കൽ വസിച്ചിരുന്ന ഒരു ജനതയായിരുന്നു റസ്സുകാർ (أصحاب الرس) എന്നും, അതല്ല റസ്സ് എന്ന പേരിലുള്ള ഒരു രാജ്യക്കാരാണെന്നും അഭിപ്രായമുണ്ട്. അല്ലാഹുവിനറിയാം. ഏതായാലും, ഇവരും മുൻകഴിഞ്ഞുപോയ ഒരു ജനതതന്നെ. ശുഅയ്ബ് നബി(അ)യുടെ ജനതയായിരുന്നു ഐക്കത്തുകാർ (أصحاب الأيكة) മരക്കാവ് എന്നാണ് ആ വാക്കിന്നർത്ഥം. മരങ്ങൾ ധാരാളമുള്ളതായിരുന്നു അവരുടെ വാസസ്ഥലം. യമനിലെ ഒരു പ്രാചീന രാജകുടുംബത്തിലെ സദ്‌വൃത്തനായ ഒരു രാജാവിനെ ഉദ്ദേശിച്ചാണ് തുബ്ബഉ് (تبع) എന്ന് പറഞ്ഞിരിക്കുന്നത്. (ഇദ്ദേഹത്തെപ്പറ്റി സൂ: ദുഖാൻ

37ന്റെ വ്യാഖ്യാനത്തിൽ വിവരിച്ചിട്ടുണ്ട്.) സത്യനിഷേധത്തിൽ നിന്ന് പിൻമാറാത്ത പക്ഷം ഇങ്ങിനെയുള്ള സമുദായങ്ങളുടെ അനുഭവം ഈ നിഷേധികൾക്കും വന്നേക്കുമെന്ന് അല്ലാഹു താക്കീത് ചെയ്യുകയാണ്.

أَفَعَيِينَا بِٱلْخَلْقِ ٱلْأَوَّلِ ۚ بَلْ هُمْ فِى لَبْسٍ مِّنْ خَلْقٍ جَدِيدٍ ﴿١٥﴾

﴾15﴿ അപ്പോൾ, ഒന്നാമത്തെ സൃഷ്ടിക്കൽകൊണ്ട് നാം കുഴങ്ങിപ്പോയോ?! (ഇല്ല)എങ്കിലും ഇവർ, പുതിയ ഒരു സൃഷ്ടിപ്പിനെക്കുറിച്ച് ആശങ്കയിലാണ്.

﴾15﴿ أَفَعَيِينَا അപ്പോൾ (എന്നാൽ) നാം കുഴങ്ങിയോ, ക്ഷീണിച്ചോ بِٱلْخَلْقِ ٱلْأَوَّلِ ഒന്നാമത്തെ സൃഷ്ടിക്കൽകൊണ്ട് بَلْ هُمْ എങ്കിലും അവർ فِى لَبْسٍ സന്ദേഹത്തിലാണ്, ആശങ്കയിലാണ്, ആശയക്കുഴപ്പത്തിലാണ് مِّنْ خَلْقٍ ഒരു സൃഷ്ടിക്കലിനെക്കുറിച്ച് جَدِيد പുതുതായ

മനുഷ്യനെ ആദ്യം സൃഷ്ടിച്ചത് നാം തന്നെയാണല്ലോ. അത് നിമിത്തം നമുക്ക് വല്ല ക്ഷീണമോ കുഴക്കോ ഏർപ്പെട്ടിട്ടുണ്ടെങ്കിൽ രണ്ടാമത് ജീവിപ്പിക്കുവാൻ നമുക്ക് പ്രയാസമാണെന്ന് കരുതാമായിരുന്നു. പക്ഷേ, അത് മൂലം നമുക്ക് യാതൊരു ക്ഷീണവും പറ്റിയിട്ടില്ല. എന്നിരിക്കെ എനിയൊരു പുതിയ ജീവിതംകൂടി അവർക്ക് നൽകുന്നതിൽ നമുക്ക് യാതൊരു തടസ്സവുമില്ല. പക്ഷേ, അവർ വാസ്തവം ഗ്രഹിക്കാതെ സന്ദേഹത്തിൽ കഴിഞ്ഞുകൂടുകയാണ്.

വിഭാഗം – 2

وَلَقَدْ خَلَقْنَا ٱلْإِنسَٰنَ وَنَعْلَمُ مَا تُوَسْوِسُ بِهِۦ نَفْسُهُۥ ۖ وَنَحْنُ أَقْرَبُ إِلَيْهِ مِنْ حَبْلِ ٱلْوَرِيدِ ﴿١٦﴾

﴾16﴿ തീർച്ചയായും, മനുഷ്യനെ നാം സൃഷ്ടിച്ചു ; അവന്റെ മനസ്സ് യാതൊന്നിനെക്കുറിച്ച് മന്ത്രിക്കുന്നുവോ അത് നാം അറിയുകയും ചെയ്യുന്നു. അവനിലേക്ക് നാം (അവന്റെ) കണ്ഠനാഡിയെക്കാൾ അടുത്തവനുമത്രെ.

إِذْ يَتَلَقَّى ٱلْمُتَلَقِّيَانِ عَنِ ٱلْيَمِينِ وَعَنِ ٱلشِّمَالِ قَعِيدٌ ﴿١٧﴾

﴾17﴿ (അതെ) വലഭാഗത്തും, ഇടഭാഗത്തും (വേറിട്ടുപോകാതെ)ഇരുന്നുകൊണ്ടിരിക്കുന്ന രണ്ട് ഏറ്റെടുക്കുന്നവർ ഏറ്റെടുത്തുകൊണ്ടിരിക്കുന്ന (അതേ) സന്ദർഭത്തിൽ !

مَّا يَلْفِظُ مِن قَوْلٍ إِلَّا لَدَيْهِ رَقِيبٌ عَتِيدٌ ﴿١٨﴾

﴾18﴿ തയ്യാറായിക്കൊണ്ടിരിക്കുന്ന സൂക്ഷ്മവീക്ഷകർ തന്റെ അടുക്കൽ ഉണ്ടായിക്കൊണ്ടല്ലാതെ ഒരു വാക്കും അവൻ ഉച്ചരിക്കുകയില്ല.

﴾16﴿ وَلَقَدْ خَلَقْنَا നാം تീർച്ചയായും നാം സൃഷ്ടിച്ചു ٱلْإِنسَٰنَ മനുഷ്യനെ وَنَعْلَمُ നാം അറിയുകയും ചെയ്യും مَا യാതൊന്ന് تُوَسْوِسُ بِهِۦ അതിനെപ്പറ്റി മന്ത്രിക്കും, ദുർമന്ത്രണം ചെയ്യും نَفْسُهُۥ അവന്റെ മനസ്സ് وَنَحْنُ നാം أَقْرَبُ إِلَيْهِ അവനിലേക്ക് ഏറ്റം അടുത്തവനാണ് مِنْ حَبْلِ ٱلْوَرِيدِ കണ്ഠനാഡിയേക്കാൾ ﴾17﴿ إِذْ يَتَلَقَّى ഏറ്റെടുക്കുന്ന സന്ദർഭം ٱلْمُتَلَقِّيَانِ രണ്ട് ഏറ്റെടുക്കുന്നവർ عَنِ ٱلْيَمِينِ വലഭാഗത്ത് وَعَنِ ٱلشِّمَالِ ഇടഭാഗത്തും قَعِيدٌ ഇരിക്കുന്നവരായ, ഇരുത്തക്കാരായ ﴾18﴿ مَّا يَلْفِظُ അവൻ ഉച്ചരിക്കുക (മൊഴിയുക)യില്ല مِن قَوْلٍ ഒരു വാക്കും إِلَّا لَدَيْهِ അവന്റെ അടുക്കൽ ഇല്ലാതെ رَقِيبٌ ഒരു വീക്ഷകൻ, സൂക്ഷ്മവീക്ഷണം ചെയ്യുന്നവർ عَتِيدٌ തയ്യാറുള്ള, സന്നദ്ധരായ

മനുഷ്യന്റെ കഴുത്തിൽ ഇരുവശങ്ങളിലുമായി സ്ഥിതിചെയ്യുന്ന രണ്ട് പ്രധാന രക്തനാഡികളിൽ ഓരോന്നിന്നും ورید (കണ്ഠനാഡി) എന്ന് പറയുന്നു. മനുഷ്യന്റെ മനസ്സിൽ തോന്നുന്ന രഹസ്യങ്ങൾപോലും അല്ലാഹു അറിയുന്നു. അവന്റെ ജീവന്റെ നിലനിൽപിന് അനുപേക്ഷണീയമായ അവന്റെ ഏറ്റവും പ്രധാനപ്പെട്ട അംശത്തെക്കാളും അടുത്ത ബന്ധമാണ് അല്ലാഹുവിന് അവനോടുള്ളത്. അതോടുകൂടി, അവന്റെ വലത്തും, ഇടത്തും സദാ ഇരുപ്പുറപ്പിച്ച്കൊണ്ട് അവന്റെ ചെയ്തികൾ ഒന്നൊഴിയാതെ രണ്ടാളുകൾ വീക്ഷിച്ചു രേഖപ്പെടുത്തിക്കൊണ്ടിരിക്കുന്നുമുണ്ട്. അവരുടെ വീക്ഷണത്തിലും സാന്നിദ്ധ്യത്തിലുമായിട്ടല്ലാതെ ഒരക്ഷരം ഉരിയാടുവാൻ പോലും മനുഷ്യന് കഴിവില്ല എന്നു സാരം.

മനുഷ്യന്റെ നൻമതിൻമകളെ രേഖപ്പെടുത്തുവാനായി അല്ലാഹു നിയോഗിച്ച മലക്കുകളെപ്പറ്റിയാണ് 'ഏറ്റെടുക്കുന്ന രണ്ട്പേർ' (المتلقيان) എന്ന് പറഞ്ഞത്. അതായത് നൻമ രേഖപ്പെടുത്തുന്ന മലക്കും തിൻമ രേഖപ്പെടുത്തുന്ന മലക്കും. അവന്റെ ഓരോ ചെയ്തിയും-അതെത്ര നിസ്സാരമായാലും ശരി-അവർ എഴുതിയെടുത്ത് ആ രേഖയിൽ സൂക്ഷിക്കുന്നു. അല്ലാഹു പറയുന്നു :وإن عليكم لحافظين كراما كاتبين يعلمون ما تفعلون–الإنفطار (സാരം നിശ്ചയമായും നിങ്ങളുടെമേൽ കാവൽക്കാരുണ്ട്, അതായത് എഴുത്തുകാരായ ചില മാന്യൻമാർ, നിങ്ങൾ ചെയ്യുന്നത് അവർ അറിയുന്നതാണ്. (സൂ: ഇൻഫിത്വാർ) إناكنا نستنسخ ما كنتم تعملون–الجاثية നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത് നിശ്ചയമായും നാം എഴുതിയെടുക്കുന്നുണ്ടായിരുന്നു. (സൂ: ജാഥിയഃ) بلى و رسلنا لديهم يكتبون–الزخرف (ഇല്ലാതെ, നമ്മുടെ ദൂതൻമാർ അവരുടെ അടുക്കൽ എഴുതിക്കൊണ്ടിരിക്കുന്നു. (സൂ: സുഖ്റുഫ്) എന്നാൽ, മലക്കുകളുടെ എഴുത്തിന്റെ സ്വഭാവമെന്താണ് ? ഏതിലാണ് അവർ എഴുതി രേഖ

പ്പെടുത്തുക ? ഇതൊന്നും നമുക്കറിഞ്ഞുകൂടാ. അല്ലാഹുവിനറിയാം. അദൃശ്യ കാര്യങ്ങളത്രെ അവ.

16-ാം വചനത്തിന്റെ അന്ത്യഭാഗവും 17-ാം വചനവും തമ്മിൽ ഘടനാപരമായ വാചകബന്ധം ഉണ്ടായിക്കൊണ്ടും, അല്ലാതെയും വ്യാഖ്യാനിക്കപ്പെട്ടിട്ടുണ്ട്. തമ്മിൽ ബന്ധമുണ്ടെന്ന് വെക്കുമ്പോൾ ആശയം ഇപ്രകാരമായിരിക്കും: മലക്കുകൾ മനുഷ്യന്റെ വലവും ഇടവും ഇരുന്ന് അവന്റെ കർമങ്ങൾ രേഖപ്പെടുത്തിക്കൊണ്ടിരിക്കുന്നു. അതേ സമയത്ത് അല്ലാഹുവിന് അതിന്റെ ആവശ്യമില്ലതാനും. കാരണം അവൻ മനുഷ്യനോട് അവന്റെ ജീവനാഡിയെക്കാൾ അടുപ്പമുള്ളവനാണ്. രണ്ട് ആയത്തുകളിലും തമ്മിൽ ഘടനാബന്ധമില്ലെന്ന് വെക്കുമ്പോൾ 17-ാം വചനത്തിന്റെ ആരംഭത്തിൽ - പല ആയത്തുകളിലും കാണാവുന്നത് പോലെ - ഓർക്കുക (اذكر) എന്നോ മറ്റോ സങ്കൽപിക്കുന്നത് നന്നായിരിക്കും. الله اعلم

وَجَآءَتۡ سَكۡرَةُ ٱلۡمَوۡتِ بِٱلۡحَقِّۖ ذَٰلِكَ مَا كُنتَ مِنۡهُ تَحِيدُ ﴿١٩﴾

﴾19﴿ മരണലഹരി യാഥാർത്ഥ്യവും കൊണ്ട് വരുന്നതാണ് ;'യാതൊന്നിൽ നിന്ന് നീ ഒഴിഞ്ഞു മാറിക്കൊണ്ടിരിക്കുന്നുവോ അതത്രെ ഇത്'. (എന്ന് പറയപ്പെടും)

﴾19﴿ وَجَآءَتۡ വരും, വന്നു سَكۡرَةُ ٱلۡمَوۡتِ മരണത്തിന്റെ ലഹരി, അബോധാവസ്ഥ بِٱلۡحَقِّ യാഥാർത്ഥ്യവും കൊണ്ട് ذَٰلِكَ അത്, അതത്രെ مَا യാതൊന്ന്, ഒരു കാര്യമാണ് كُنتَ مِنۡهُ അതിനെക്കുറിച്ച് നീ ആയിരുന്ന تَحِيدُ തെറ്റിപ്പോകുക, ഒഴിഞ്ഞുമാറുക

മരണവേളയിൽ ഭൗതികകാഴ്ചകൾ കണ്ണിൽനിന്ന് മറയുകയും, അതോടൊപ്പം തന്നെ, മുമ്പില്ലാത്ത കാഴ്ചപ്പാടുകൾ ഉണ്ടായിത്തീരുകയും ചെയ്യുന്നു. പ്രവാചകൻമാർ ഉൽബോധിപ്പിച്ചുകൊണ്ടിരുന്നതെല്ലാം യാഥാർത്ഥ്യമാണെന്ന് അപ്പോൾ അവന് ബോധ്യപ്പെടുകയും ചെയ്യുന്നു. ആ യാഥാർത്ഥ്യങ്ങൾ അനുഭവിക്കുവാൻ പോകുന്നത് ഖിയാമത്ത് നാളിലായിരിക്കും. അതാണ് അല്ലാഹു പറയുന്നത്.

وَنُفِخَ فِي ٱلصُّورِۚ ذَٰلِكَ يَوۡمُ ٱلۡوَعِيدِ ﴿٢٠﴾

﴾20﴿ കാഹളത്തിൽ ഊതപ്പെടും; അതത്രെ, താക്കീതിന്റെ [താക്കീത് ചെയ്യപ്പെടുന്ന] ദിവസം

وَجَآءَتۡ كُلُّ نَفۡسٖ مَّعَهَا سَآئِقٞ وَشَهِيدٞ ﴿٢١﴾

﴾21﴿ എല്ലാ ദേഹവും (അഥവാ ആത്മാവും) തന്നെ, അതിന്റെകൂടെ (അതിനെ) തെളിച്ചുകൊണ്ടുവരുന്ന ഒരാളും, സാക്ഷിയും ഉണ്ടായിക്കൊണ്ട് (മഹ്ശറിൽ)വരുന്നതാണ്.

﴾20﴿ وَنُفِخَ ഊതപ്പെടും, ഊതപ്പെട്ടു فِى ٱلصُّورِ കാഹളത്തിൽ, കൊമ്പിൽ ذَٰلِكَ അത്, അതത്രെ يَوْمُ ٱلْوَعِيدِ താക്കീതിന്റെ ദിവസം ﴾21﴿ وَجَآءَتْ വരും, വന്നു كُلُّ نَفْسٍ എല്ലാ ദേഹവും, ആത്മാവും (ആളും) مَّعَهَا അതിന്റെ കൂടെയുണ്ടായിരിക്കും سَآئِقٌ ഒരു തെളിക്കുന്നവൻ وَشَهِيدٌ സാക്ഷിയും

ഓരോ ആളെയും അഖിലസൃഷ്ടികളുടെ മഹാസമ്മേളനമാകുന്ന മഹ്ശറിലേക്ക് മലക്കുകൾ ശേഖരിച്ചു കൊണ്ടുവരുന്നതാണ്. ഇവരെക്കുറിച്ചാണ് سائق(തെളിച്ചുകൊണ്ടുവരുന്ന ആൾ) എന്ന് പറഞ്ഞത്. ഓരോരുവന്റെയും നൻമതിൻമകളെ തെളിവ് നൽകി സ്ഥാപിക്കുന്ന സാക്ഷികളും അവരോടൊന്നിച്ചുണ്ടായിരിക്കും. ഈ സാക്ഷി(شهيد) കൊണ്ടുദ്ദേശ്യം മുജാഹിദ് (റ) മുതലായവർ പറഞ്ഞതുപോലെ, മലക്കുകളോ അല്ലെങ്കിൽ മറ്റു പ്രകാരത്തിലുള്ള ഏതെങ്കിലും തെളിവുകളോ ആകാവുന്നതാണ്. الله اعلم

لَّقَدْ كُنتَ فِى غَفْلَةٍ مِّنْ هَٰذَا فَكَشَفْنَا عَنكَ غِطَآءَكَ فَبَصَرُكَ ٱلْيَوْمَ حَدِيدٌ ﴿٢٢﴾

﴾22﴿ 'തീർച്ചയായും ഇതിനെക്കുറിച്ച് നീ അശ്രദ്ധയിലായിരുന്നു, ഇപ്പോൾ, നിനക്ക് നിന്റെ മൂടി [മറ] നാം തുറന്നു (നീക്കി) തന്നിരിക്കുന്നു . ആകയാൽ, നിന്റെ കാഴ്ച ഇന്ന് മൂർച്ചയുള്ളതാകുന്നു. (എന്ന് പറയപ്പെടും).

﴾22﴿ لَّقَدْ كُنتَ തീർച്ചയായും നീയായിരുന്നു فِى غَفْلَةٍ അശ്രദ്ധയിൽ مِّنْ هَٰذَا ഇതിനെപ്പറ്റി فَكَشَفْنَا ഇപ്പോൾ നാം തുറന്ന് (നീക്കി) عَنكَ നിന്നിൽനിന്ന് غِطَآءَكَ നിന്റെ മൂടി فَبَصَرُكَ ആകയാൽ നിന്റെ കാഴ്ച, കണ്ണ് ٱلْيَوْمَ ഇന്ന് حَدِيد മൂർച്ചയുള്ളതാണ്.

മരണത്തെത്തുടർന്ന് വരുവാനിരിക്കുന്ന കാര്യങ്ങളെക്കുറിച്ചൊന്നും നിനക്ക് ബോധവും ചിന്തയുമില്ലായിരുന്നു. അങ്ങനെ അതെല്ലാം മൂടപ്പെട്ടു കിടക്കുകയായിരുന്നു. ഇപ്പോൾ മറയൊക്കെ നീങ്ങി മുഴുവനും നേരിൽ കണ്ടനുഭവിക്കാറായി എന്ന് സാരം. ഒരു യാഥാർത്ഥ്യം ഈ വചനത്തിൽനിന്ന് ഗ്രഹിക്കാവുന്നതാണ്. ഈ ഭൗതിക ജീവിതത്തിൽ മനുഷ്യന്റെ കാഴ്ചക്ക്-കാഴ്ചക്ക് മാത്രമല്ല, മറ്റെല്ലാ ബാഹ്യേന്ദ്രിയങ്ങൾക്കും തന്നെ-വളരെ പരിമിതമായ തോതിലേ കാര്യങ്ങൾ മനസ്സിലാക്കുവാനുള്ള കഴിവ് നൽകപ്പെട്ടിട്ടുള്ളൂ. അവന്റെ ചുറ്റുപാടിലായി സദാ സ്ഥിതിചെയ്യുന്ന നിരവധി യാഥാർത്ഥ്യങ്ങളെ കാണുവാനോ, മനസ്സിലാക്കുവാനോ പോലും അവന് സാധിക്കുന്നില്ല. ഈ ഭൗതിക ലോകവുമായുള്ള ബന്ധം വേർപെടുന്നതോടുകൂടി മുമ്പ് അവന് കണ്ടറിയുവാൻ കഴിയാതിരുന്ന പലതും കണ്ടറിയുവാൻ കഴിയുന്നു. താൻ നിത്യേന ആസ്വദിച്ചുകൊണ്ടിരിക്കുന്ന വായുപോലും മനുഷ്യന്റെ കണ്ണിന് ഗോചരമല്ല. അടുത്തുകാണുമ്പോൾ വളരെ വലു

തായിക്കാണുന്ന ഒരു വസ്തു കുറെ അകന്നുപോകുന്നതോടെ അവന്റെ കാഴ്ചയിൽ ചെറുതായിത്തീരുന്നു. ഒടുക്കം അത് അദൃശ്യമായിത്തീരുകയും ചെയ്യും. ഒരു കടലാസ്സുതുണ്ട് കൺമുമ്പിൽ പിടിക്കുന്നതോടെ ലോകം മുഴുവൻ അവന്റെ കാഴ്ചയിൽനിന്ന് മാഞ്ഞുപോകുന്നു. ഇതിന് പ്രകൃതിപരമായ കാരണങ്ങൾ എന്തു തന്നെ പറഞ്ഞാലും ശരി, ഏതോ ചില തടസ്സങ്ങൾ മനുഷ്യന്റെ കാഴ്ചയെ പരിമിതമാക്കുന്നുണ്ടെന്നത് നിഷേധിക്കുവാൻ വയ്യ. ഈ തടസ്സങ്ങളാകുന്ന മറകൾ നീക്കപ്പെടുന്നപക്ഷം, അതുവരെ ഊഹിക്കുവാൻപോലും കഴിയാത്ത യാഥാർത്ഥ്യങ്ങൾ മനുഷ്യന് കാണുവാൻ കഴിഞ്ഞേക്കും. ഉറങ്ങുന്നവർ സ്വപ്നത്തിലും ചില പ്രത്യേകതരത്തിലുള്ള രോഗികൾ അവരുടെ അബോധാവസരത്തിലും കാണാറുള്ള ആശ്ചര്യകരങ്ങളായ കാഴ്ചകളിൽനിന്ന് ഇപ്പറഞ്ഞ യാഥാർത്ഥ്യം കുറേയൊക്കെ മനസ്സിലാക്കാം.

وَقَالَ قَرِينُهُۥ هَـٰذَا مَا لَدَىَّ عَتِيدٌ ﴿٢٣﴾

﴾23﴿ അവന്റെ കൂട്ടുകാരൻ പറയും: ഇതാ, എന്റെ അടുക്കൽ തയ്യാറായിട്ടുള്ളത് !

أَلْقِيَا فِى جَهَنَّمَ كُلَّ كَفَّارٍ عَنِيدٍ ﴿٢٤﴾

﴾24﴿ (കൽപനയുണ്ടാകും :) ദുർവ്വാശിക്കാരായ നന്ദികെട്ടവരെ (അഥവാ നിഷേധികളെ)യെല്ലാം നിങ്ങൾ ജഹന്നമിൽ [നരകത്തിൽ] ഇട്ടേക്കുവിൻ,

مَّنَّاعٍ لِّلْخَيْرِ مُعْتَدٍ مُّرِيبٍ ﴿٢٥﴾

﴾25﴿ (അതെ) നൻമയെ മുടക്കുന്നവനും, അതിക്രമിയും, സംശയാലുവുമായ (എല്ലാവരെയും)!

﴾23﴿ وَقَالَ പറയും قَرِينُهُۥ അവന്റെ കൂട്ടാളി, തുണക്കാരൻ هَـٰذَا مَا ഇതാ യാതൊന്ന് لَدَىَّ എന്റെ അടുക്കൽ عَتِيد തയ്യാറായ ﴾24﴿ أَلْقِيَا ഇട്ടേക്കുവിൻ فِى جَهَنَّمَ ജഹന്നമിൽ كُلَّ كَفَّارٍ എല്ലാ നന്ദികെട്ടവരെ(അവിശ്വാസികളെ)യും عَنِيد ദുർവ്വാശിക്കാരായ, ശഠിച്ചുനിൽക്കുന്ന ﴾25﴿ مَّنَّاع മുടക്കുന്നവനായ, തടയുന്ന لِّلْخَيْرِ നൻമയെ, നല്ലകാര്യത്തെ مُعْتَد അതിക്രമിയായ, ക്രമം തെറ്റിയ مُّرِيبٍ സംശയാലുവായ, സന്ദേഹക്കാരനായ

ٱلَّذِى جَعَلَ مَعَ ٱللَّهِ إِلَـٰهًا ءَاخَرَ فَأَلْقِيَاهُ فِى ٱلْعَذَابِ ٱلشَّدِيدِ ﴿٢٦﴾

﴾26﴿ അതായത്, അല്ലാഹുവോടൊപ്പം വേറെ ആരാധ്യനെ [ദൈവത്തെ] ഉണ്ടാക്കിയവനെ. അതിനാൽ, നിങ്ങളവനെ കഠിനമായ ശിക്ഷയിൽ ഇട്ടേക്കുവിൻ !

《26》 ٱلَّذِى جَعَلَ അതായത് ആക്കിയവൻ مَعَ ٱللَّهِ അല്ലാഹുവോടൊപ്പം, കൂടെ إِلَٰهًا ءَاخَرَ വേറെ ഇലാഹിനെ, ദൈവത്തെ فَأَلْقِيَاهُ അതിനാൽ അവനെ ഇട്ടേക്കുവിൻ فِى ٱلْعَذَابِ ശിക്ഷയിൽ ٱلشَّدِيدِ കഠിനമായ

23-ാം വചനത്തിൽ 'കൂട്ടുകാരൻ' (قرين) എന്ന് പറഞ്ഞത് മേൽ പ്രസ്താവിച്ച പ്രകാരം നൻമതിൻമകളെ രേഖപ്പെടുത്തുവാൻ ഏല്പിക്കപ്പെട്ട മലക്കിനെ ഉദ്ദേശിച്ചാകുന്നു. അദ്ദേഹം തയ്യാറാക്കിയ രേഖ മഹ്ശറിൽ ഹാജരാക്കുമെന്ന് സാരം. അതല്ല, മനുഷ്യനെ വഴിപിഴപ്പിച്ചിരുന്ന പിശാചിനെക്കുറിച്ചാണ് ഇവിടെ കൂട്ടുകാരൻ എന്നു പറഞ്ഞിരിക്കുന്നതെന്നും ചില വ്യാഖ്യാതാക്കൾ പറയുന്നുണ്ട്. ഇതനുസരിച്ച് 'എന്റെ അടുക്കൽ തയ്യാറായത് ഇതാ' (هذا ما لدي عتيد) എന്ന വാക്യത്തിന്റെ സാരം, ഞാൻ വഴിപിഴപ്പിച്ചു നരകശിക്ഷക്ക് തയ്യാറാക്കിയവൻ ഇതാ എന്നായിരിക്കും. പക്ഷേ, അടുത്ത 27-ാം വചനത്തിൽ പറയുന്ന കൂട്ടുകാരൻ പിശാചാണെന്നുള്ളതിൽ ഭിന്നാഭിപ്രായമില്ല. അതേസമയത്ത് 23-ാം വചനത്തിലെ കൂട്ടുകാരന്റെ പ്രസ്താവനയും 27-ാം വചനത്തിലെ കൂട്ടുകാരന്റെ പ്രസ്താവനയും തമ്മിൽ യോജിപ്പ് കാണുന്നില്ലതാനും. അത്കൊണ്ട് 23-ാം വചനത്തിലെ കൂട്ടുകാരനും, 27-ാം വചനത്തിലെ കൂട്ടുകാരനും ഒന്നല്ലെന്ന് മനസ്സിലാക്കേണ്ടിയിരിക്കുന്നു. 24-ാം വചനത്തിൽ ഇട്ടേക്കുവിൻ (القيا) എന്ന് ദ്വിവചന (تثنية) രൂപത്തിലുള്ള കല്പന 21-ാം വചനത്തിൽ പ്രസ്താവിച്ച രണ്ട്കൂട്ടരെ - മനുഷ്യനെ തെളിച്ചു കൊണ്ട് വരുന്നവരെയും സാക്ഷിയായി വരുന്നവരെയും - അഭിമുഖീകരിച്ചുകൊണ്ടുള്ളതാണ്. അവരാണല്ലോ വിചാരണാനിലയത്തിലേക്ക് അവരെ കൂട്ടിക്കൊണ്ടുവരുന്നതും, അവന്റെ കർമങ്ങൾക്ക് സാക്ഷ്യം നൽകുന്നതും.

നരകശിക്ഷക്ക് ഇരയാകുവാനുള്ള കാരണങ്ങളെ അല്ലാഹു ഈ വചനങ്ങളിൽ സൂചിപ്പിച്ചിട്ടുള്ളത് ശ്രദ്ധേയമാകുന്നു : അല്ലാഹുവിനോട് നന്ദികേട് കാണിക്കുക, സത്യത്തിനെതിരെ ദുർവ്വാശി പിടിക്കുക, സൽകാര്യങ്ങൾക്ക് തടസ്സം ഉണ്ടാക്കുക, നിയമാതിർത്തി ലംഘിച്ചുകടക്കുക, സത്യയാഥാർത്ഥ്യങ്ങളിൽ സംശയം ഉണ്ടാക്കിത്തീർക്കുക ഇവയാണത്. സത്യനിഷേധികളുടെ ഏറ്റവും കടുത്ത ദുഃസ്വഭാവങ്ങളാണിവ.

۞ قَالَ قَرِينُهُۥ رَبَّنَا مَآ أَطْغَيْتُهُۥ وَلَٰكِن كَانَ فِى ضَلَٰلٍۭ بَعِيدٍ ﴿٢٧﴾

《27》 അവന്റെ കൂട്ടാളി പറയും: ഞങ്ങളുടെ റബ്ബേ! ഞാൻ അവനെ (നേർമാർഗം)തെറ്റിച്ചിട്ടില്ല ; പക്ഷേ, അവൻ വിദൂരമായ വഴിപിഴവിലായിരുന്നു.

قَالَ لَا تَخۡتَصِمُواْ لَدَيَّ وَقَدۡ قَدَّمۡتُ إِلَيۡكُم بِٱلۡوَعِيدِ ﴿٢٨﴾

﴾28﴿ അവന്‍ [അല്ലാഹു] പറയും: എന്‍റെ അടുക്കല്‍വെച്ച് നിങ്ങള്‍ വിവാദം നടത്തേണ്ടാ : നിങ്ങള്‍ക്ക് ഞാന്‍ മുമ്പേ താക്കീത് നല്‍കിയിട്ടുണ്ട്.

مَا يُبَدَّلُ ٱلۡقَوۡلُ لَدَيَّ وَمَآ أَنَا۠ بِظَلَّٰمٍ لِّلۡعَبِيدِ ﴿٢٩﴾

﴾29﴿ എന്‍റെ അടുക്കല്‍ വാക്ക് മാറ്റപ്പെടുന്നതല്ല ; ഞാന്‍ അടിമകളോട് (ഒട്ടും) അനീതി പ്രവര്‍ത്തിക്കുന്നവനല്ലതാനും.

﴾27﴿ قَالَ قَرِينُهُۥ അവന്‍റെ കൂട്ടുകാരന്‍ പറയും رَبَّنَا ഞങ്ങളുടെ റബ്ബേ مَآ أَطۡغَيۡتُهُۥ ഞാന്‍ അവനെ തെറ്റിച്ചിട്ടില്ല, പിഴപ്പിച്ചിട്ടില്ല وَلَٰكِن كَانَ എങ്കിലും അവനായിരുന്നു فِي ضَلَٰلٍ വഴി പിഴവില്‍, ദുര്‍മാര്‍ഗത്തില്‍ بَعِيد വിദൂരമായ ﴾28﴿ قَالَ അവന്‍ പറയും لَا تَخۡتَصِمُواْ നിങ്ങള്‍ വിവാദം (തര്‍ക്കം-വഴക്ക്) നടത്തേണ്ട لَدَيَّ എന്‍റെ അടുക്കല്‍ وَقَدۡ قَدَّمۡتُ ഞാന്‍ മുമ്പ് നല്‍കിയിട്ടുണ്ട് إِلَيۡكُم നിങ്ങള്‍ക്ക് بِٱلۡوَعِيد താക്കീതിനെ ﴾29﴿. مَا يُبَدَّلُ മാറ്റപ്പെടുകയില്ല ٱلۡقَوۡلُ വാക്ക് لَدَيَّ എന്‍റെ അടുക്കല്‍ وَمَآ أَنَا۠ ഞാനല്ലതാനും بِظَلَّٰمٍ (ഒട്ടും) അനീതി (അക്രമം) ചെയ്യുന്നവന്‍ لِّلۡعَبِيدِ അടിമകളോട്, അടിയാന്‍മാരോട്

27-ാം വചനത്തിലെ കൂട്ടുകാരന്‍ പിശാച് തന്നെ. മനുഷ്യനെ താന്‍ വഴിപിഴപ്പിച്ചതല്ലെന്നും, അവന്‍ സ്വയം പിഴച്ചുപോയതാണെന്നും സമര്‍ത്ഥിച്ചുകൊണ്ട് അല്ലാഹുവിന്‍റെ മുമ്പില്‍ അവന്‍ കുറ്റത്തില്‍നിന്ന് ഒഴിഞ്ഞുമാറാന്‍ ശ്രമിക്കുകയാണ്. ദുര്‍മാര്‍ഗികളും അവരുടെ നേതാക്കളും തമ്മില്‍ നടക്കുന്ന വിവാദങ്ങളെക്കുറിച്ച് പറഞ്ഞശേഷം മറ്റൊരു വചനത്തില്‍ അല്ലാഹു ഇങ്ങിനെ പറയുന്നു: **وقال الشيطان لما قضي الأمر الخ–ابرهيم:٢٢**(സാരം : കാര്യം തീരുമാനിച്ചു കഴിയുമ്പോള്‍ പിശാച് പറയും : അല്ലാഹു നിങ്ങളോട് യഥാര്‍ത്ഥ വാഗ്ദാനം ചെയ്തു. എനിക്ക് നിങ്ങളുടെ മേല്‍ ഒരധികാര ശക്തിയും ഉണ്ടായിരുന്നില്ല. പക്ഷേ, ഞാന്‍ നിങ്ങളെ ക്ഷണിച്ചു . അപ്പോള്‍ നിങ്ങള്‍ എനിക്ക് ഉത്തരം ചെയ്തു. ആകയാല്‍ നിങ്ങളെന്നെ ആക്ഷേപിക്കേണ്ട ; നിങ്ങള്‍ നിങ്ങളെത്തന്നെ ആക്ഷേപിച്ചു കൊള്ളുവിന്‍. ഞാന്‍ നിങ്ങള്‍ക്ക് സഹായം നല്‍കുന്നവനല്ല ; നിങ്ങള്‍ എനിക്കും സഹായം നല്‍കുന്നവരല്ല. നിങ്ങള്‍ മുമ്പ് എന്നെ പങ്ക്ചേര്‍ത്തിരുന്നതിനെ ഞാന്‍ ഇതാ നിഷേധിക്കുകയാണ് .... (സൂ: ഇബ്റാഹീം 22) കുറ്റവാളികളോടും അവരെ വഴിപിഴപ്പിച്ച പിശാചുക്കളോടുമുള്ള അല്ലാഹുവിന്‍റെ മറുപടിയാണ് 28,29 വചനങ്ങളില്‍ കാണുന്നത്. ഉദ്ദേശ്യം വ്യക്തമാണല്ലോ.

വിഭാഗം - 3

يَوۡمَ نَقُولُ لِجَهَنَّمَ هَلِ ٱمۡتَلَأۡتِ وَتَقُولُ هَلۡ مِن مَّزِيدٖ ﴿٣٠﴾

﴿30﴾ ജഹന്നമിനോട് [നരകത്തോട്]നീ നിറഞ്ഞുവോ എന്ന് നാം പറയുന്ന ദിവസം ! [അന്നാണിതെല്ലാം സംഭവിക്കുക] അത് പറയുകയും ചെയ്യും ; (എനിയും) കൂടുതൽ വല്ലതും ഉണ്ടോ ?!

﴾30﴿ يَوۡمَ نَقُولُ നാം പറയുന്ന ദിവസം لِجَهَنَّمَ ജഹന്നമിനോട് هَلِ ٱمۡتَلَأۡتِ നീ നിറഞ്ഞുവോ وَتَقُولُ അത് പറയുകയും ചെയ്യും هَلۡ ഉണ്ടോ مِن مَّزِيدٖ കൂടുതലായി, വല്ല വർദ്ധനവും

കുറ്റവാളികളായ ജിന്നുകളെയും, മനുഷ്യരെയും കൊണ്ട് നരകം നിറക്കുമെന്ന് അല്ലാഹു മുമ്പ് നിശ്ചയിച്ചിട്ടുണ്ടല്ലോ. (സൂ: സജദഃ 13 നോക്കുക) കുറ്റവാളികളുടെ ആധിക്യം നിമിത്തമോ, നരകത്തിന്റെ വിശാലക്കുറവ് നിമിത്തമോ, ആർക്കും നരകശിക്ഷയിൽ നിന്ന് ഒഴിവ് കിട്ടുവാനില്ല. കുറ്റവാളികളെ മുഴുവനും നരകത്തിലാക്കിക്കഴിഞ്ഞിട്ട് പിന്നെയും നരകം ചോദിക്കും : 'കൂടുതലായി വല്ലതും ഉണ്ടോ' (هل من مزيد) ?! എന്ന്, അല്ലാഹു നമ്മെ കാത്തുരക്ഷിക്കട്ടെ. ആമീൻ. അടുത്തവചനങ്ങളിൽ സജ്ജനങ്ങളുടെ സ്ഥിതിഗതികൾ വിവരിക്കുന്നു :

وَأُزۡلِفَتِ ٱلۡجَنَّةُ لِلۡمُتَّقِينَ غَيۡرَ بَعِيدٍ ﴿٣١﴾

﴿31﴾ ഭയഭക്തന്മാർക്ക് സ്വർഗം അകലത്തല്ലാത്തവിധം (വളരെ) സമീപത്തുകൊണ്ടുവരപ്പെടുന്നതുമാണ്.

هَٰذَا مَا تُوعَدُونَ لِكُلِّ أَوَّابٍ حَفِيظٖ ﴿٣٢﴾

﴿32﴾ (പറയപ്പെടും:) ഇതാ നിങ്ങളോട് - (പേടിച്ചു) മടങ്ങുന്നവരും, കാത്ത് സൂക്ഷിക്കുന്നവരുമായ എല്ലാവർക്കും -വാഗ്ദാനം ചെയ്യപ്പെട്ടിരുന്നത്.

﴾31﴿ وَأُزۡلِفَ സമീപത്ത് കൊണ്ടുവരപ്പെടുകയും ചെയ്യും ٱلۡجَنَّةُ സ്വർഗം لِلۡمُتَّقِينَ ഭയഭക്തന്മാർക്ക്, സൂക്ഷിക്കുന്നവരിലേക്ക് غَيۡرَ بَعِيدٍ അകലത്തല്ലാതെ ﴾32﴿ هَٰذَا ഇതാ, ഇത്, ഇതാണ് مَا تُوعَدُونَ നിങ്ങളോട് വാഗ്ദാനം ചെയ്യപ്പെട്ടിരുന്നത് لِكُلِّ أَوَّابٍ എല്ലാ പേടിച്ചു മടങ്ങുന്നവർക്കും حَفِيظ കാത്ത് സൂക്ഷിക്കുന്നവരായ

مَّنۡ خَشِيَ ٱلرَّحۡمَٰنَ بِٱلۡغَيۡبِ وَجَآءَ بِقَلۡبٖ مُّنِيبٍ ﴿٣٣﴾

﴾33﴿ അതായത്, അദൃശ്യമായ നിലയിൽ പരമകാരുണികനെ പേടിക്കുകയും, വിനയം കാണിക്കുന്ന ഹൃദയത്തോടെ വരുകയും ചെയ്തവർക്ക്

﴾33﴿ مَّنۡ خَشِيَ അതായത് പേടിച്ചവർ ٱلرَّحۡمَٰنَ പരമകാരുണികനെ بِٱلۡغَيۡبِ അദൃശ്യമായ നിലയിൽ, കാണാതെ وَجَآءَ വരുകയും ചെയ്തു بِقَلۡبٍ ഹൃദയത്തോടെ مُّنِيبٍ വിനയം കാണിക്കുന്ന, മടക്കം കാണിക്കുന്ന

കുറ്റവാളികൾ നരകശിക്ഷ അനുഭവിക്കുവാനുള്ള കാരണങ്ങൾ മേൽ ആയത്തുകളിൽ സൂചിപ്പിക്കപ്പെട്ടതുപോലെ, സജ്ജനങ്ങൾക്കുള്ള സ്വർഗീയസുഖം ലഭിക്കുവാനുള്ള കാരണങ്ങൾ ഈ വചനങ്ങളിലും സൂചിപ്പിക്കപ്പെട്ടിരിക്കുന്നു. അതെ, പാപം ചെയ്യാതെ കാത്ത് സൂക്ഷിക്കുക, അല്ലാഹുവിനെ പേടിച്ച് മടങ്ങുക, അല്ലാഹുവിനെ അങ്ങോട്ട് കാണുന്നില്ലെങ്കിലും അവൻ ഇങ്ങോട്ട് കാണുന്നുവെന്ന ബോധത്തോടെ അവനെ ഭയപ്പെടുക, അല്ലാഹുവിന്റെ മുമ്പിൽ നിഷ്കളങ്ക വിനയം അർപ്പിക്കുന്ന ഹൃദയമുണ്ടായിരിക്കുക ഇവയാണത്. കുറ്റവാളികളെ നരകത്തിലേക്ക് പിടിച്ചിടുവാൻ മലക്കുകളോട് കൽപിക്കപ്പെടുന്നു. എന്നാൽ, സജ്ജനങ്ങളായ പുണ്യവാൻമാരോട് പറയപ്പെടുന്നത് നോക്കുക :

ٱدۡخُلُوهَا بِسَلَٰمٖۖ ذَٰلِكَ يَوۡمُ ٱلۡخُلُودِ ﴿٣٤﴾

﴾34﴿ (ഹേ, ഭയഭക്തൻമാരേ,) നിങ്ങൾ (സമാധാന) ശാന്തിയോടെ അതിൽ പ്രവേശിക്കുവിൻ. അത് സ്ഥിരവാസത്തിന്റെ ദിവസമാകുന്നു. [അന്ന് മുതൽ സ്ഥിരവാസം ആരംഭിക്കുന്നു]

لَهُم مَّا يَشَآءُونَ فِيهَا وَلَدَيۡنَا مَزِيدٞ ﴿٣٥﴾

﴾35﴿ അതിൽ അവർ എന്ത് ഉദ്ദേശിക്കുന്നുവോ അത് അവർക്കുണ്ടായിരിക്കും ; (മാത്രമല്ല) നമ്മുടെ അടുക്കൽ കൂടുതലായുള്ളതും ഉണ്ട്.

﴾34﴿ ٱدۡخُلُوهَا നിങ്ങൾ അതിൽ പ്രവേശിക്കുവിൻ بِسَلَٰمٍ ശാന്തിയോടെ, സമാധാനത്തോടെ ذَٰلِكَ അത് يَوۡمُ ٱلۡخُلُودِ സ്ഥിരവാസത്തിന്റെ ദിവസമാണ് ﴾35﴿ لَهُم അവർക്കുണ്ട് مَّا يَشَآءُونَ അവർ ഉദ്ദേശിക്കുന്നത് فِيهَا അതിൽ وَلَدَيۡنَا നമ്മുടെ അടുക്കലുണ്ട്താനും مَزِيدٌ കൂടുതലായത്, വർദ്ധനവ്

ഏതെങ്കിലും വിധേന അറിവും പരിചയവും ഉള്ളതിനെക്കുറിച്ച് മാത്രമാണല്ലോ മനുഷ്യന് ആഗ്രഹവും ആവശ്യവും തോന്നുക. സ്വർഗത്തിലാകട്ടെ, ഊഹി

ക്കുവാനോ നിരൂപിക്കുവാനോപോലും കഴിയാത്ത വസ്തുക്കൾ ധാരാളമുണ്ട്താനും. അതുകൊണ്ട് അവർ ഉദ്ദേശിക്കുന്നതെല്ലാം അവർക്ക് ലഭിക്കുന്നതിന്പുറമെ, അല്ലാഹു അവന്റെ വകയായി കൂടുതൽ വേറെയും നൽകുന്നതാകുന്നു എന്ന് സാരം. ഈ വചനത്തിലെ അവസാനവാക്യവും, 30-ാം വചനത്തിലെ അവസാന വാക്യവും ഒന്ന് ശ്രദ്ധിച്ചുനോക്കുക. കുറ്റവാളികളായ ആളുകളെ എനിയും കിട്ടുവാനുണ്ടോ എന്ന് നരകം ചോദിക്കുന്നു. ഇവിടെയാകട്ടെ, സജ്ജനങ്ങളുടെ ഉദ്ദേശ്യങ്ങളെല്ലാം സാധിപ്പിച്ച് കൊടുക്കുന്നതിന് പുറമെ എനിയും പല അനുഗ്രഹങ്ങളും കൂടുതൽ തരാമെന്ന് അല്ലാഹു അവരോട് അങ്ങോട്ട് പറയുകയാണ്.

അല്ലാഹു അവന്റെ വകയായി കൂടുതൽ നൽകുമെന്ന് പറഞ്ഞതിന്റെ വിവക്ഷ, അല്ലാഹുവിനെ സന്ദർശിക്കുകയെന്ന മഹാഭാഗ്യമാണെന്ന് ഇമാം മുസ്‌ലിം (റ) ഉദ്ധരിച്ച ഒരു ഹദീഥിൽ വന്നിട്ടുണ്ട്. സജ്ജനങ്ങളെ സംബന്ധിച്ചിടത്തോളം അതിനെക്കാൾ വലുതായ മറ്റൊരുഭാഗ്യം ഇല്ലതന്നെ. അല്ലാഹു അരുളിച്ചെയ്തതായി ഒരു ഹദീഥിൽ നബിﷺഇപ്രകാരം പ്രസ്താവിക്കുന്നു:'എന്റെ സദ്‌വൃത്തരായ അടിയാൻമാർക്ക് വേണ്ടി യാതൊരു കണ്ണും കണ്ടിട്ടില്ലാത്തതും, ഒരു കാതും കേട്ടിട്ടില്ലാത്തതും ഒരു മനുഷ്യന്റെ മനസ്സിലും തോന്നിയിട്ടില്ലാത്തതും ഞാൻ ഒരുക്കിവെച്ചിരിക്കുന്നു'. പിന്നീട് ഇതിന് തെളിവായി നബിﷺ സൂ: സജദഃ 17-ാം വചനം ചൂണ്ടിക്കാട്ടുകയും ചെയ്തു. (ബു; മു.) അവർക്ക് വേണ്ടി ഗോപ്യമായി സൂക്ഷിച്ചുവെക്കപ്പെട്ടിട്ടുള്ള കൺകുളുർമകളെപ്പറ്റി ആർക്കും അറിയാവുന്നതല്ല എന്നത്രെ ആ വചനത്തിൽ അല്ലാഹു പ്രസ്താവിച്ചിരിക്കുന്നത്.

وَكَمْ أَهْلَكْنَا قَبْلَهُم مِّن قَرْنٍ هُمْ أَشَدُّ مِنْهُم بَطْشًا فَنَقَّبُوا۟ فِى ٱلْبِلَٰدِ هَلْ مِن مَّحِيصٍ ﴿٣٦﴾

﴾36﴿ ഇവരുടെ മുമ്പ് എത്രയോ തലമുറകളെ നാം നശിപ്പിച്ചിരിക്കുന്നു-അവർ ഇവരെക്കാൾ കടുത്ത കയ്യൂക്കുള്ളവരായിരുന്നു. എന്നിട്ട് അവർ, നാടുകളിൽകൂടി കരണ്ടുനോക്കി (അഥവാ പരക്കംപാഞ്ഞുകൊണ്ടിരുന്നു) ഓടി രക്ഷപ്പെടുന്ന വല്ല സ്ഥാനവും ഉണ്ടോ ?!

﴾36﴿ وَكَم എത്രയോ - എത്രയാണ് أَهْلَكْنَا നാം നശിപ്പിച്ചു قَبْلَهُم ഇവരുടെ മുമ്പ് مِّن قَرْنٍ തലമുറകളെ هُم അവർ أَشَدُّ مِنْهُم ഇവരെക്കാൾ കഠിനമാണ്, ഊക്കൻമാരാണ്, ഊക്കുള്ളവരാണ് بَطْشًا കയ്യൂക്ക് (ശക്തിയിൽ) فَنَقَّبُوا എന്നിട്ട് അവർ കരണ്ടുനോക്കി, പരതിനടന്നു, പരക്കം പാഞ്ഞു فِى ٱلْبِلَٰدِ നാടുകളിൽ, രാജ്യങ്ങളിൽ هَل ഉണ്ടോ مِن مَّحِيصٍ ഓടിപ്പോകുവാനുള്ള വല്ല (രക്ഷാ)സ്ഥാനവും

نقب (നക്ക്വബ) എന്ന വാക്കിന് കരണ്ടു, തുരന്നു, ചുഴിഞ്ഞു നോക്കി, സൂക്ഷ്മ പരിശോധന നടത്തി എന്നിങ്ങിനെയും യഥേഷ്ടം സഞ്ചരിച്ചു, പരതിനടന്നു, അല ഞ്ഞുതിരിഞ്ഞു എന്നിങ്ങിനെയും അർത്ഥങ്ങളുണ്ട്. രണ്ട് പ്രകാരത്തിലുള്ള വ്യാഖ്യാനങ്ങൾ ഇവിടെ നൽകപ്പെട്ടുകാണാം

1) തങ്ങൾക്ക് മരണത്തിൽ നിന്നോ ശിക്ഷയിൽ നിന്നോ വല്ല രക്ഷയും കിട്ടുമോ എന്ന് അവർ നാടുകളിൽകൂടി സഞ്ചരിച്ച് പരതിനോക്കി, പക്ഷേ, രക്ഷാ മാർഗമൊന്നും കിട്ടിയില്ല.

2) അവർ യഥേഷ്ടം ഭൂമിയിൽകൂടി സ്വൈരവിഹാരം നടത്തിക്കൊണ്ടിരുന്നു. പക്ഷേ, ഒടുക്കം അവർക്ക് വല്ല രക്ഷാകേന്ദ്രവും ലഭിച്ചുവോ ? അല്ലെങ്കിൽ ലഭിക്കുവാനുണ്ടോ ? ഇല്ല.

إِنَّ فِى ذَٰلِكَ لَذِكْرَىٰ لِمَن كَانَ لَهُۥ قَلْبٌ أَوْ أَلْقَى ٱلسَّمْعَ وَهُوَ شَهِيدٌ ﴿٣٧﴾

﴾37﴿ നിശ്ചയമായും അതിൽ [മേൽവിവരിച്ചതിൽ] ഓർമിക്കുവാനുള്ള വകയുണ്ട്. യാതൊരുവന്ന് ഹൃദയമുണ്ടോ, അല്ലെങ്കിൽ (മനഃപൂർവ്വം) സന്നദ്ധനായുംകൊണ്ട് കാതുകൊടുത്ത് (കേട്ടു)വോ അങ്ങിനെ ഉള്ളവന്ന്.

﴾37﴿ إِنَّ فِى ذَٰلِكَ നിശ്ചയമായും അതിലുണ്ട് لَذِكْرَىٰ ഉപദേശം, സ്മരണ (ഉററാലോചിക്കാൻവക) لِمَن യാതൊരുവന് كَانَ لَهُۥ അവന്നുണ്ട്, ഉണ്ടായിരിക്കുന്നു قَلْبٌ ഹൃദയം أَوْ أَلْقَى അല്ലെങ്കിൽ ഇട്ടു (കൊടുത്തു) ٱلسَّمْعَ കേൾവി (കാത്-ശ്രദ്ധ) وَهُوَ അവൻ (ആയിക്കൊണ്ട്) شَهِيدٌ ഹാജറുള്ളവൻ, (സന്നദ്ധൻ)

കാര്യങ്ങൾ ഗ്രഹിച്ചറിയാനും, ചിന്തിച്ചു മനസ്സിലാക്കുവാനുമുള്ള ബുദ്ധിയും, തെളിവുകളും ഉപദേശങ്ങളും ശ്രദ്ധപൂർവ്വം കേട്ടു മനസ്സിരുത്തി ആലോചിച്ചു നോക്കുവാനുള്ള സന്നദ്ധതയോ ഇല്ലാത്തവർക്ക് എന്ത് തന്നെ കേട്ടാലും അതൊന്നും പ്രയോജനപ്പെടുകയില്ലല്ലോ.

وَلَقَدْ خَلَقْنَا ٱلسَّمَٰوَٰتِ وَٱلْأَرْضَ وَمَا بَيْنَهُمَا فِى سِتَّةِ أَيَّامٍ وَمَا مَسَّنَا مِن لُّغُوبٍ ﴿٣٨﴾

﴾38﴿ ആകാശങ്ങളെയും, ഭൂമിയെയും അവയുടെ ഇടയിലുള്ളതിനെയും ആറു ദിവസങ്ങളിലായി നാം സൃഷ്ടിച്ചിട്ടുണ്ട് ; (എന്നിട്ട്) യാതൊരു ക്ഷീണവും നമ്മെ തീണ്ടിയിട്ടില്ല.

فَٱصْبِرْ عَلَىٰ مَا يَقُولُونَ وَسَبِّحْ بِحَمْدِ رَبِّكَ قَبْلَ طُلُوعِ ٱلشَّمْسِ وَقَبْلَ ٱلْغُرُوبِ ﴿٣٩﴾

﴿39﴾ എന്നിരിക്കെ, (നബിയേ) ഇവര്‍ പറയുന്നതിനെപ്പറ്റി ക്ഷമിച്ചുകൊള്ളുക. സൂര്യോദയത്തിന്മുമ്പും, അസ്തമയത്തിന് മുമ്പും നിന്റെ റബ്ബിനെ സ്തുതിച്ചുകൊണ്ട് തസ്ബീഹ് [സ്തോത്രകീര്‍ത്തനം] നടത്തുകയും ചെയ്യുക.

وَمِنَ ٱلَّيْلِ فَسَبِّحْهُ وَأَدْبَـٰرَ ٱلسُّجُودِ ﴿٤٠﴾

﴿40﴾ രാത്രിയില്‍നിന്ന്തന്നെ (കുറച്ച്സമയം)അവന്ന് നീ തസ്ബീഹ് ചെയ്യുക ; സുജൂദിന്റെ [സാഷ്ടാംഗ നമസ്കാരത്തിന്റെ] പിന്നിലും (ചെയ്യുക)

﴿38﴾ وَلَقَدْ خَلَقْنَا നാം സൃഷ്ടിച്ചിട്ടുണ്ട് ٱلسَّمَـٰوَٰتِ ആകാശങ്ങളെ وَٱلْأَرْضَ ഭൂമിയെയും وَمَا بَيْنَهُمَا അവയുടെ ഇടയിലുള്ളതും فِى سِتَّةِ أَيَّامٍ ആറ് ദിവസങ്ങളില്‍ وَمَا مَسَّنَا നമ്മെ സ്പര്‍ശിച്ചതു (തീണ്ടിയതു)മില്ല مِن لُّغُوبٍ ഒരു കുഴക്കും-ക്ഷീണവും ﴿39﴾ فَٱصْبِرْ എന്നിരിക്കെ (എന്നാല്‍) നീ ക്ഷമിക്കുക عَلَىٰ مَا يَقُولُونَ അവര്‍ പറയുന്നതിനെപ്പറ്റി وَسَبِّحْ തസ്ബീഹ് നടത്തുകയും ചെയ്യുക بِحَمْدِ رَبِّكَ നിന്റെ റബ്ബിനെ സ്തുതിച്ചുകൊണ്ട് قَبْلَ طُلُوعِ ٱلشَّمْسِ സൂര്യോദയത്തിന് മുമ്പ് وَقَبْلَ ٱلْغُرُوبِ അസ്തമയത്തിന് മുമ്പും ﴿40﴾ وَمِنَ ٱلَّيْلِ രാത്രിയില്‍ നിന്ന് (കുറച്ച്) فَسَبِّحْهُ അവന് തസ്ബീഹ് ചെയ്യുക وَأَدْبَـٰرَ ٱلسُّجُودِ സുജൂദിന്റെ പിന്നിലും, അവസാനങ്ങളിലും, പുറകിലും.

ആകാശഭൂമികളെ ആറ് ദിവസങ്ങളില്‍ സൃഷ്ടിച്ചതിന്റെ താല്പര്യത്തെക്കുറിച്ച് സൂ: സജദഃ 4-ാം വചനത്തിലും മറ്റും വിവരിച്ചത് ഓര്‍ക്കുക. തസ്ബീഹ്കൊണ്ട് ഇവിടെ പ്രധാനമായും ഉദ്ദേശിക്കുന്നത് നമസ്കാരമാകുന്നു. തസ്ബീഹിനെയും, നമസ്കാരത്തെയും സംബന്ധിച്ചും അവയ്ക്ക് ചില പ്രത്യേകസമയങ്ങള്‍ അല്ലാഹു എടുത്തുപറയുന്നതിലടങ്ങിയ രഹസ്യങ്ങളെക്കുറിച്ചും സൂ:റൂം 17, 18 വചനങ്ങളിലും മറ്റും നാം വിവരിച്ചിട്ടുണ്ട്. സാമാന്യമായി പറഞ്ഞാല്‍, അഞ്ചുനേരത്തെ നമസ്കാരങ്ങള്‍ വഴിയും മറ്റും അല്ലാഹുവിന് സ്തോത്രകീര്‍ത്തനങ്ങള്‍ നടത്തേണ്ടുന്ന പ്രധാന സന്ദര്‍ഭങ്ങളെയാണ് അല്ലാഹു-മറ്റ് പല ആയത്തുകളിലുമെന്നപോലെ ഇവിടെയും ഉണര്‍ത്തുന്നത്.

السجود (സുജൂദ്) എന്ന് പറഞ്ഞത് നമസ്കാരത്തെപ്പറ്റിയാകുന്നു. നമസ്കാരത്തിന് സുജൂദ് എന്നും റുകൂഉ് എന്നും ഖിയാമ് (നിറുത്തം) എന്നും തസ്ബീഹ്

എന്നുമൊക്കെ ക്വുർആൻ പറയാറുണ്ടെന്ന് നാം പലപ്പോഴും കണ്ടിട്ടുള്ളതാണ്. ادبار السجود എന്നവാക്കിന് സുജൂദിന്റെ - അഥവാ നമസ്കാരത്തിന്റെ - പിന്നീട് എന്നും, അവസാനത്തിൽ എന്നും അർത്ഥം നൽകപ്പെടാറുണ്ട്. രണ്ടും പരസ്പ രവിരുദ്ധമല്ലതാനും. നമസ്കാരത്തിന്റെ അവസാനഭാഗമായ ഇരുത്തത്തിലും, അതിൽനിന്ന് പിരിഞ്ഞ ഉടനെയും പ്രത്യേകം ദിക്റുകളും പ്രാർത്ഥനകളും നട ത്തേണ്ടതുണ്ടെന്ന് നബിചര്യയിൽനിന്ന് വ്യക്തമായി അറിയപ്പെട്ടതാണല്ലോ.

സ്വുബ്ഹ് അല്ലാത്ത നിർബ്ബന്ധ നമസ്കാരങ്ങളുടെ ശേഷം ചെയ്യേണ്ടുന്നതും നബിﷺയുടെ ചര്യയിൽ നിന്ന് അറിയപ്പെടുന്നതുമായ ഐച്ഛിക (സുന്നത്ത്)നമ സ്കാരങ്ങൾക്കുള്ള പ്രോത്സാഹനമാണ് അതെന്നും ചിലർക്ക് അഭിപ്രായമുണ്ട്. വാസ്തവത്തിൽ ഇതെല്ലാം തന്നെ അടങ്ങുന്നതായിരിക്കാം ഈ വാക്യം. **الله اعلم**

എങ്കിലും - ഇബ്നു കഥീർ (റ) മുതലായവർ സൂചിപ്പിക്കുന്നത്പോലെ - നമ സ്കാരം കഴിഞ്ഞ ഉടനെ സ്തോത്ര കീർത്തനങ്ങൾ നടത്തേണ്ടതുണ്ടെന്നാണ് ഈ വാക്യം ചൂണ്ടിക്കാട്ടുന്നതെന്ന് വെക്കുവാൻ ഹദീഥുകളിൽ കൂടുതൽ ന്യായം കാണുന്നു. ബുഖാരി, മുസ്ലിം (റ) തുടങ്ങിയ പ്രധാന ഹദീഥ് പണ്ഡിതൻമാ രെല്ലാം രേഖപ്പെടുത്തുന്ന ഒരു ഹദീഥിന്റെ ചുരുക്കം ഇപ്രകാരമാകുന്നു. മുഹാ ജിറുകളായ സ്വഹാബികളിലെ ദരിദ്രന്മാർ നബിﷺയോട് ഇങ്ങിനെ പറഞ്ഞു : അല്ലാഹുവിന്റെ റസൂലേ, ഉന്നതമായ പദവികളും വമ്പിച്ച പ്രതിഫലങ്ങളുമെല്ലാം ധനികൻമാർ കൈക്കലാക്കുന്നുവല്ലോ ! ഞങ്ങളെപ്പോലെ നമസ്കാരവും നോമ്പുമൊക്കെ അവരും ചെയ്യുന്നു. അവർക്കാണെങ്കിൽ മിച്ചധനങ്ങളുമുണ്ട്. അതുകൊണ്ട് അവർ ധർമവും സമരവും നടത്തുന്നു ? അപ്പോൾ നബിﷺഅവരോട് പറഞ്ഞു : നിങ്ങൾക്ക് മുൻകടക്കുവാനും, മറ്റുള്ളവർ നിങ്ങ ളെക്കാൾ യോഗ്യരല്ലാതാകുവാനും ഞാനൊരു കാര്യം പറഞ്ഞുതരാം : എല്ലാ നമസ്കാരത്തിന്റെയും പിന്നിൽ മുപ്പത്തിമൂന്ന് വീതം തസ്ബീഹും (سبحان الله) ഹംദും (الحمد لله) തക്ബീറും (الله اكبر) ചൊല്ലുക. * പിന്നീട് ഇതുകേട്ട് ധനികൻമാ രായ തങ്ങളുടെ സഹോദരൻമാരും അപ്രകാരം ചെയ്തുവരുന്നുണ്ടെന്ന് അവർ നബിﷺയെ ഉണർത്തിച്ചപ്പോൾ അവിടുന്നു പറഞ്ഞു :ذلك فضل الله يؤتيه من يشاء(അത് അല്ലാഹുവിന്റെ അനുഗ്രഹമാണ്. അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ അത് നൽകു ന്നു) ഇതുപോലെ വേറെയും ഹദീഥുകൾ കാണാം. ഈ ഹദീഥിൽ നമസ്കാര ത്തിന്റെ പിന്നിൽ എന്ന് പറഞ്ഞത് അതിനുശേഷം എന്ന അർത്ഥത്തിലാണല്ലോ.

***** *മൂന്നുംകൂടി 99 തികഞ്ഞശേഷം* **لا اله الا الله وحده لا شريك له** *എന്നു തുട ങ്ങുന്ന ദിക്ർ ചൊല്ലി 100 തികക്കുകയോ, അല്ലെങ്കിൽ തക്ബീറിന്റെ വാക്യം 34 ആക്കുകയോ ചെയ്യേണ്ടതാണെന്നും ഹദീഥുകളിൽ വന്നിട്ടുണ്ട്.*

وَٱسْتَمِعْ يَوْمَ يُنَادِ ٱلْمُنَادِ مِن مَّكَانٍ قَرِيبٍ ﴿٤١﴾

﴾41﴿ (മനുഷ്യാ) അടുത്ത സ്ഥലത്ത് നിന്ന് വിളിച്ചേക്കുന്ന ഒരാൾ വിളിക്കുന്ന ദിവസത്തെ നീ ചെവിയോർത്ത് കൊണ്ടിരിക്കുക !

يَوْمَ يَسْمَعُونَ ٱلصَّيْحَةَ بِٱلْحَقِّ ۚ ذَٰلِكَ يَوْمُ ٱلْخُرُوجِ ﴿٤٢﴾

﴾42﴿ അതായത്, (ആ) ഘോരശബ്ദം അവർ [ജനങ്ങൾ] യഥാർത്ഥമായി കേൾക്കുന്ന ദിവസം! അത് (ക്വബ്റുകളിൽ നിന്നുള്ള) പുറപ്പാടിന്റെ ദിവസമത്രെ.

﴾41﴿ وَٱسْتَمِعْ നീ ചെവിയോർക്കുക, ശ്രദ്ധിച്ചുകേൾക്കുക يَوْمَ يُنَادِ വിളിക്കുന്ന ദിവസം ٱلْمُنَادِ വിളിക്കുന്നവൻ مِن مَّكَانٍ ഒരു സ്ഥലത്ത് നിന്ന് قَرِيبٍ അടുത്ത ﴾42﴿ يَوْمَ يَسْمَعُونَ അവർ കേൾക്കുന്ന ദിവസം ٱلصَّيْحَةَ ഘോരശബ്ദം, അട്ടഹാസം بِٱلْحَقِّ യഥാർത്ഥമായി (കേൾക്കുന്ന)യഥാർത്ഥത്തെ സംബന്ധിച്ചു ذَٰلِكَ അത്, അതത്രെ يَوْمُ ٱلْخُرُوجِ പുറപ്പാടിന്റെ (പുറത്ത്വരുന്ന)ദിവസം

പുനർജീവിതത്തിനുവേണ്ടിയുള്ള വിളി, അഥവാ രണ്ടാമത്തെ കാഹളം ഊത്താണ് വിവക്ഷ. ആ ഘോരശബ്ദം എല്ലാവരും ഒരു പോലെ - അവരവരുടെ അടുത്ത്നിന്ന് തന്നെ വിളിക്കുന്നത്പോലെ - കേൾക്കുന്നതായിരിക്കും.

إِنَّا نَحْنُ نُحْيِۦ وَنُمِيتُ وَإِلَيْنَا ٱلْمَصِيرُ ﴿٤٣﴾

﴾43﴿ നിശ്ചയമായും നാം തന്നെ ജീവിപ്പിക്കുകയും, മരിപ്പിക്കുകയും ചെയ്യുന്നു : നമ്മുടെ അടുക്കലേക്ക് തന്നെയാണ് തിരിച്ചെത്തലും ;

يَوْمَ تَشَقَّقُ ٱلْأَرْضُ عَنْهُمْ سِرَاعًا ۚ ذَٰلِكَ حَشْرٌ عَلَيْنَا يَسِيرٌ ﴿٤٤﴾

﴾44﴿ അവർ (പുറത്തുവരുവാൻ) ബദ്ധപ്പെട്ടുകൊണ്ടിരിക്കെ, അവരിൽനിന്ന് ഭൂമി പിളർന്ന്പോകുന്ന ദിവസം ! അത്, നമ്മുടെ മേൽ നിസ്സാരമായ ഒരു ഒരുമിച്ചുകൂട്ടലത്രെ.

﴾43﴿ إِنَّا نَحْنُ നിശ്ചയമായും നാംതന്നെ نُحْيِۦ നാം ജീവിപ്പിക്കുന്നു وَنُمِيتُ നാം മരിപ്പിക്കുകയും ചെയ്യുന്നു وَإِلَيْنَا നമ്മിലേക്ക് തന്നെയാണ് ٱلْمَصِيرُ തിരിച്ചുവരവ്,

മടങ്ങിയെത്തലും﴾44﴿ يَوْمَ تَشَقَّقُ പിളരുന്ന (പൊട്ടിക്കീറുന്ന) ദിവസം ٱلْأَرْضُ ഭൂമി عَنْهُمْ അവരിൽനിന്ന് سِرَاعًا ബദ്ധപ്പെട്ടവരായ നിലയിൽ ذَٰلِكَ അത് حَشْرٌ ഒരുമിച്ച് കൂട്ടലാണ്, ശേഖരിക്കലാണ് عَلَيْنَا നമ്മുടെമേൽ يَسِيرٌ നിസ്സാരമായ, എളിയ

മഹ്ശറിലേക്ക് സമ്മേളിക്കുവാനുള്ള ആ വിളി കേൾക്കേണ്ട താമസം ! എല്ലാവരും ജീവിച്ചെഴുന്നേറ്റ് പുറത്തുവരുവാൻ ധൃതികൂട്ടുന്നു ! ഈ അവസരത്തിൽ ഓരോരുത്തരും അടക്കം ചെയ്യപ്പെട്ട സ്ഥലങ്ങൾ പൊട്ടിപിളരുകയും ചെയ്യും. ഇങ്ങിനെ എല്ലാവരെയും ഉയിർത്തേഴുന്നേൽപിച്ച് ഒരേ നിലയത്തിൽ ഒരുമിച്ച് കൂട്ടുകയെന്ന കാര്യം അല്ലാഹുവിനെ സംബന്ധിച്ചിടത്തോളം ഒട്ടും പ്രയാസപ്പെട്ടതല്ല ; വളരെ നിസ്സാരമത്രെ. സൂ: മആരിജിൽ അല്ലാഹു പറയുന്നു: يوم يخرجون من الأجداث سراعا كأنهم إلى نصب يوفضون–المعارج:٤٣ (സാരം : ഒരു നാട്ടപ്പെട്ട ഉന്നത്തിലേക്ക് ഒഴുകിച്ചെല്ലുന്നുവെന്നോണം അവർ ഖബറുകളിൽനിന്ന് ബദ്ധപ്പെട്ടുകൊണ്ട് പുറത്ത്‌വരുന്ന ദിവസം)

نَّحْنُ أَعْلَمُ بِمَا يَقُولُونَ ۖ وَمَآ أَنتَ عَلَيْهِم بِجَبَّارٍ ۖ فَذَكِّرْ بِٱلْقُرْءَانِ مَن يَخَافُ وَعِيدِ ﴿٤٥﴾

﴾45﴿ അവർ പറഞ്ഞുവരുന്നതിനെക്കുറിച്ച് നാം നല്ലവണ്ണം അറിയുന്നവനാകുന്നു. (നബിയേ) നീ അവരുടെമേൽ (നിർബ്ബന്ധംചെലുത്തുന്ന) ഒരു സ്വേച്ഛാധികാരിയൊന്നുമല്ലതാനും, ആകയാൽ, എന്റെ താക്കീത് ഭയപ്പെടുന്നവരെ ക്വുർആൻ മുഖേന നീ (ഉപദേശം നൽകി) ഓർമിപ്പിക്കുക.

﴾45﴿ نَّحْنُ നാം أَعْلَمُ അധികം (നല്ലപോലെ) അറിയുന്നവനാണ് بِمَا يَقُولُونَ അവർ പറയുന്നതിനെപ്പറ്റി وَمَآ أَنتَ നീ അല്ലതാനും عَلَيْهِم അവരിൽ, അവരുടെമേൽ بِجَبَّارٍ ഒരു സ്വേച്ഛാധികാരി, നിർബന്ധം ചെലുത്തുന്നവൻ فَذَكِّرْ ആകയാൽ നീ ഓർമിപ്പിക്കുക, ഉപദേശം നൽകുക بِٱلْقُرْءَانِ ക്വുർആൻ കൊണ്ട് مَن يَخَافُ ഭയപ്പെടുന്നവരെ وَعِيدِ എന്റെ താക്കീതിനെ

നബി തിരുമേനിﷺക്ക് ആശ്വാസവും സമാധാനവും നൽകുന്നതാണ് ഈ വചനം. അവിശ്വാസികളുടെ വാദകോലാഹലങ്ങളും, നിഷേധങ്ങളുമെല്ലാം അല്ലാഹു അറിയുന്നുണ്ട്. വേണ്ടുന്ന നടപടികൾ അവൻ എടുത്തുകൊള്ളും. അവർക്ക് ക്വുർആൻ മുഖേന ഉപദേശം നൽകുക മാത്രമേ നബിﷺയുടെമേൽ കടമയുള്ളൂ. എല്ലാവരെയും നിർബ്ബന്ധപൂർവ്വം സൻമാർഗത്തിലെത്തിച്ചേ തീരൂ എന്ന ബാധ്യതയൊന്നും നബിﷺക്കില്ല എന്ന് സാരം. إنما عليك البلاغ وعلينا الحساب (നിന്റെ

മേൽ പ്രബോധനം മാത്രമേ ബാധ്യതയുള്ളൂ. നമ്മുടെ ബാധ്യതയാണ് വിചാരണ)

'എന്റെ താക്കീതിനെ ഭയപ്പെടുന്നവർക്ക് ക്വുർആൻ മുഖേന ഉപദേശം നൽകി ഓർമിപ്പിക്കുക' (فذكر بالقرآن من يخاف وعيد) എന്ന വാക്യം ശ്രദ്ധേയമാകുന്നു. ഇതിൽനിന്നും ചില കാര്യങ്ങൾ മനസ്സിലാക്കേണ്ടതായുണ്ട്. ഉദാഹരണം :

1) അല്ലാഹുവിനെക്കുറിച്ചും മതത്തെക്കുറിച്ചും ജനങ്ങളെ ബോധവാൻമാരാക്കുന്നതിൽ മറ്റേതിനെക്കാളും ഉപയോഗ പ്രദമായിരിക്കുക വിശുദ്ധ ക്വുർആൻ വചനങ്ങളായിരിക്കും. ആവശ്യവും സന്ദർഭവുമനുസരിച്ച് നബി തിരുമേനിയുടെ ഹദീഥുകൾ മുഖേന അവയ്ക്ക് വിശദീകരണവും നൽകാം. ഇന്നത്തെ നീട്ടിവലിച്ച പ്രസംഗങ്ങളെക്കാളും, തർക്കശാസ്ത്രത്തിന്റെയും യുക്തിവാദങ്ങളുടെയും അടിസ്ഥാനത്തിലുള്ള കൂറ്റൻ പ്രഭാഷണങ്ങളെക്കാളും ഫലപ്രദമാകുക അതാണെന്നു കാണാം. അടിക്കടി ക്വുർആൻ വചനങ്ങളും നബിവചനങ്ങളും ഉദ്ധരിച്ചുകൊണ്ടുള്ള ഉപദേശങ്ങൾ കടുത്തുമരവിക്കാത്ത ഹൃദയങ്ങളിൽ മാറ്റം വരുത്താതിരിക്കുകയില്ല.

2) അല്ലാഹുവിന്റെ താക്കീതുകൾ കേൾക്കുമ്പോൾ ഭയപ്പാടുണ്ടാകുന്നവർക്ക് മാത്രമേ ഉപദേശം ഫലം ചെയ്യുകയുള്ളൂ. പേടിപ്പിച്ചറിയിക്കുന്ന കാലം കഴിഞ്ഞുപോയി, പരലോകവും നരകവും പറഞ്ഞിട്ട് ഇന്നു കാര്യമില്ല എന്നൊക്കെ ചിലർ പറയാറുണ്ട്. അതൊരു വലിയ തത്വമായി ചിലർ കരുതാറുമുണ്ട്. വാസ്തവത്തിൽ ഇത്തരം പ്രസ്താവനകൾതന്നെ അല്ലാഹുവിന്റെ താക്കീതുകളുടെ ഗൗരവം മനസ്സിലാക്കാത്തതിൽ നിന്ന് ഉളവാകുന്നതാണെന്നുവേണം പറയുവാൻ. ഏതായാലും ഒരു കാര്യം തീർച്ചയാണ്. അല്ലാഹുവിന്റെ താക്കീതുകളുടെ നേരെ കണ്ണടക്കുകയും അവയെ അവഗണിച്ചു തള്ളുകയും ചെയ്യുന്നവർ – അവർ ബുദ്ധിജീവികളെന്ന് സ്വയം നടിച്ചാലും ശരി-മറ്റു വിധേന ധാർമിക ബോധമുള്ളവരായിത്തീരുക എന്ന കാര്യം കുറെ വിദൂരമാണ്. യുക്തിന്യായങ്ങളും തത്വശാസ്ത്രങ്ങളും മുഖേന പ്രതിയോഗിയെ വായടപ്പിക്കുവാൻ കഴിഞ്ഞേക്കുമെങ്കിലും, മാനസാന്തരം, വരുത്തി ധാർമിക ബോധം വളർത്തുവാൻ അവ വേണ്ടത്ര പര്യാപ്തങ്ങളല്ല. അല്ലാഹുവിന്റെ പേടിപ്പിച്ചറിയിക്കലിനും, സന്തോഷവാർത്ത അറിയിക്കലിനും തന്നെയാണ് അതിന് വേണ്ട സ്വാധീനശക്തിയുള്ളത്. (സൂ: ജാഥിയഃ 6–10 മുതലായവ നോക്കുക)

3) ക്വുർആൻ മുഖേനയുള്ള ഉപദേശം, അല്ലാഹുവിന്റെ താക്കീതുകളെ ഭയപ്പെടുന്നവരെയും അല്ലാത്തവരെയും വേർതിരിക്കുന്നതായിരിക്കും. അഥവാ, ആ ഉപദേശം ഒരാളിൽ ഒട്ടും മാനസാന്തരം വരുത്തുന്നില്ലെങ്കിൽ അവൻ അല്ലാഹുവിന്റെ താക്കീതുകളെ ഭയപ്പെടാത്തവനായിരിക്കും. ക്വുർആന്റെ ഭാഷയിൽ അവർ ബുദ്ധിഹീനരും, അന്ധരും, ബധിരരും, മൂകരുമത്രെ. (صم بكم عمي فهم لا يعقلون) 'അല്ലാഹുവിനും അവന്റെ ആയത്തുകൾക്കും പുറമെ മറ്റേതൊരു വൃത്താന്തത്തിലാണവർക്ക് വിശ്വസിക്കുവാനുള്ളത്'?

(فبأي حديث بعد الله وآياته يؤمنون) ഇങ്ങിനെയുള്ളവരെ ഉപദേശിച്ചിട്ട് ഫലമില്ല എന്ന് സാരം: إنما تنذر من اتبع الذكر وخشي الرحمن بالغيب)(പ്രമാണത്തെ പിൻപറ്റുകയും അദൃശ്യമായ നിലയിൽ പരമകാരുണികനെ പേടിക്കുകയും ചെയ്യുന്നവർക്ക് മാത്രമേ നീ മുന്നറിയിപ്പ് നൽകേണ്ടതുള്ളൂ)

ക്വത്താദഃ (റ) പ്രാർത്ഥിക്കാറുണ്ടായിരുന്നതുപോലെ നാമും പ്രാർത്ഥിക്കുക: اللهُمَّ اجْعَلْنا مِمَّنْ يَخَافُ وَعْدَكَ وَيَرْجُو مَوْعِدكَ يَابَرُّ يَا رَحِيمُ (അല്ലാഹുവേ, നിന്റെ താക്കീതിനെ ഭയപ്പെടുകയും, നിന്റെ വാഗ്ദാനത്തെ പ്രതീക്ഷിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നവരിൽ ഞങ്ങളെ നീ ഉൾപ്പെടുത്തേണമേ ! നൻമ ചെയ്യുന്നവനേ ! കരുണാനിധിയായുള്ളവനേ !) ആമീൻ

اللهم لك الحمد ولك الفضل والمنة

سورة الملك

67. സൂറത്തുൽമുൽക്

മക്കഃയിൽ അവതരിച്ചത് - വചനങ്ങൾ 30 - വിഭാഗം (റുകൂഉ്) 2

ജുസുഉ് -29

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ ﴿١﴾

പരമകാരുണികനും, കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

تَبَٰرَكَ ٱلَّذِي بِيَدِهِ ٱلۡمُلۡكُ وَهُوَ عَلَىٰ كُلِّ شَيۡءٖ قَدِيرٌ ﴿١﴾

《1》 രാജാധിപത്യം യാതൊരുവന്റെ കയ്‌വശമാണോ അവൻ നന്മ (അഥവാ മഹത്വം) ഏറിയവനാകുന്നു. അവൻ എല്ലാ കാര്യത്തിനും കഴിവുള്ളവനുമത്രെ.

ٱلَّذِي خَلَقَ ٱلۡمَوۡتَ وَٱلۡحَيَوٰةَ لِيَبۡلُوَكُمۡ أَيُّكُمۡ أَحۡسَنُ عَمَلٗاۚ وَهُوَ ٱلۡعَزِيزُ ٱلۡغَفُورُ ﴿٢﴾

《2》 നിങ്ങളിൽ ആരാണ് കൂടുതൽ നല്ല പ്രവൃത്തിചെയ്യുന്നവരെന്ന് നിങ്ങളെ പരീക്ഷണം ചെയ്യാൻവേണ്ടി, മരണവും ജീവിതവും സൃഷ്ടിച്ചവനാണ് (അവൻ). അവനത്രെ, വളരെ പൊറുക്കുന്നവനായ പ്രതാപശാലി.

《1》 تَبَٰرَكَ നന്മ (ഗുണം- മഹത്വം- മേന്മ) ഏറിയിരിക്കുന്നു ٱلَّذِي യാതൊരുവൻ بِيَدِهِ അവന്റെ കയ്യിലാണ്, കൈവശമാണ് ٱلۡمُلۡكُ രാജത്വം, ആധിപത്യം وَهُوَ അവൻ عَلَىٰ كُلِّ شَيۡءٖ എല്ലാ കാര്യത്തിനും قَدِيرٌ കഴിവുള്ളവനാണ് 《2》 ٱلَّذِي خَلَقَ സൃഷ്ടിച്ചവൻ ٱلۡمَوۡتَ وَٱلۡحَيَوٰةَ മരണവും ജീവിതവും لِيَبۡلُوَكُمۡ നിങ്ങളെ പരീക്ഷണം ചെയ്യാൻവേണ്ടി أَيُّكُمۡ നിങ്ങളിൽ ഏതൊരുവനാണ് (ആരാണ്) أَحۡسَنُ അധികം

നല്ലവൻ (എന്ന്) عَمَلًا പ്രവൃത്തി, കർമം وَهُوَ ٱلْعَزِيزُ അവനത്രെ പ്രതാപശാലി ٱلْغَفُورُ വളരെ പൊറുക്കുന്നവൻ

അഖില വസ്തുക്കളുടെയും ഭരണാധിപതിയും, സർവ്വശക്തനുമായ അല്ലാഹു എല്ലാവിധ നന്മയും എല്ലാ മഹൽഗുണങ്ങളും വർദ്ധിച്ചവനാണ് എന്ന മുഖവുരയോടുകൂടിയ പ്രാരംഭ വചനത്തിനുശേഷം, അതിന്റെ കാരണം- അല്ലെങ്കിൽ വിശദീകരണം- എന്നോണം വമ്പിച്ച ചില യാഥാർത്ഥ്യങ്ങളെക്കുറിച്ച് പ്രസ്താവിക്കുന്നു. കേവലം ശൂന്യാവസ്ഥയിലായിരുന്ന മനുഷ്യൻ ഒരിക്കൽ ഒരു ജീവിയായി ഭൂമിയിൽ പിറക്കുന്നു. അൽപകാലത്തിനുശേഷം അവന്റെ ജീവിതം അവസാനിച്ചു അവൻ മരണമടയുകയും ചെയ്യുന്നു. രണ്ടും മനുഷ്യന്റെ ആവശ്യപ്രകാരമോ, അവന്റെ ഉദ്ദേശ്യമനുസരിച്ചോ, അവന്റെ പ്രവർത്തനം കൊണ്ടോ അല്ല സംഭവിക്കുന്നത്. രണ്ടും അല്ലാഹു കണക്കാക്കുന്നതും, അവന്റെ പ്രവർത്തനം കൊണ്ടുണ്ടാകുന്നതുമത്രെ. അപ്പോൾ ഈ ജീവിതത്തിന്റെ ലക്ഷ്യം എന്തായിരിക്കും, അല്ലെങ്കിൽ എന്തായിരിക്കണം എന്ന് നിശ്ചയിക്കുന്നതും അല്ലാഹുതന്നെ ആവാനേ നിവൃത്തിയുള്ളൂ. മരണത്തോട് കൂടി മനുഷ്യജീവിതം അവസാനിക്കുന്നില്ല. ഒടുക്കമില്ലാത്ത മറ്റൊരു ജീവിതത്തിലേക്കുള്ള പ്രയാണമാണ് ഐഹികജീവിതം. ആ ജീവിതത്തിലേക്കുള്ള പ്രവേശനമാണ് മരണം. ആ ജീവിതം സുഖകരമാകുന്നതിന് ആവശ്യമായ സമ്പത്ത് തയ്യാറാക്കുകയത്രെ ഈ താൽക്കാലിക ജീവിതത്തിന്റെ ലക്ഷ്യമായി അല്ലാഹു നിശ്ചയിച്ചിരിക്കുന്നത്. ഈ ലക്ഷ്യം പ്രാപിക്കുന്നതിൽ ഓരോരുത്തനും എത്രമാത്രം വിജയിച്ചിട്ടുണ്ട്- അല്ലെങ്കിൽ പരാജയപ്പെട്ടിട്ടുണ്ട്- എന്ന് തിട്ടപ്പെടുത്തുന്നത് അവന്റെ മരണത്തോടുകൂടിയായിരിക്കും. അപ്പോൾ, മരണവും ജീവിതവും ഏർപ്പെടുത്തിയിരിക്കുന്നത് നിങ്ങളിൽവെച്ച് കൂടുതൽ നന്നായി പ്രവർത്തിക്കുന്നവർ ആരൊക്കെയാണെന്ന് പരിശോധിക്കുവാൻ വേണ്ടിയാണെന്ന് അല്ലാഹു പറഞ്ഞതിന്റെ താല്പര്യം വ്യക്തം തന്നെ.

പ്രവർത്തനത്തിന്റെ അവസരം ജീവിതകാലമാണെങ്കിലും അതിന് വിരാമമിടുന്നതും, അതിനെ വിലയിരുത്തുന്നതും മരണത്തോടുകൂടിയാണ്. പരീക്ഷണഫലം തൃപ്തികരമാണെങ്കിൽ സിദ്ധിക്കുവാനിരിക്കുന്ന സൗഭാഗ്യവും അല്ലെങ്കിലുണ്ടാകുന്ന ദൗർഭാഗ്യവും അവർണനീയമാകുന്നു. ആ നിലക്ക് ജീവിതത്തെക്കാൾ മനുഷ്യന് ചിന്താവിഷയമായിരിക്കേണ്ടത് അവന്റെ മരണമാണെന്ന് പറയേണ്ടതില്ല. ആദ്യം മരണത്തെക്കുറിച്ചും, പിന്നീട് ജീവിതത്തെക്കുറിച്ചും അല്ലാഹു പ്രസ്താവിച്ചതും ഇതുകൊണ്ടായിരിക്കാം. അല്ലാഹുവിനറിയാം. എല്ലാ രഹസ്യപരസ്യങ്ങളും അറിയുന്ന സർവ്വജ്ഞനാണല്ലോ അല്ലാഹു. എന്നിരിക്കെ, പരീക്ഷണ ഫലം എന്തായിരിക്കുമെന്ന് അറിയാത്തതുകൊണ്ടല്ല അവൻ പരീക്ഷണം നടത്തുന്നതെന്ന് സ്പഷ്ടമാകുന്നു. ഇഹത്തിൽവെച്ച് ഓരോരുത്തനും യഥാർത്ഥത്തിൽ സ്വീകരിക്കുന്ന നിലപാട് എന്തായിരിക്കുമെന്ന് പ്രത്യക്ഷത്തിൽ വെളിപ്പെട്ടു കാണുവാനും, അതിന്റെ അടിസ്ഥാനത്തിൽ ഓരോരുത്തന്റെയും പേരിൽ നടപടി എടുക്കുവാനും വേണ്ടിയാകുന്നു അത്. അടുത്ത വചനത്തിൽ മറ്റൊരു യഥാർത്ഥ്യം അല്ലാഹു ചൂണ്ടിക്കാട്ടുന്നു:-

ٱلَّذِى خَلَقَ سَبۡعَ سَمَـٰوَٰتٍ طِبَاقًا ۖ مَّا تَرَىٰ فِى خَلۡقِ ٱلرَّحۡمَـٰنِ مِن تَفَـٰوُتٍ ۖ فَٱرۡجِعِ ٱلۡبَصَرَ هَلۡ تَرَىٰ مِن فُطُورٍ ﴿٣﴾

﴿3﴾ അടുക്കുകളായ നിലയിൽ ഏഴ് ആകാശങ്ങളെ സൃഷ്ടിച്ചവനാണ് (അവൻ). പരമകാരുണികനായുള്ളവന്റെ സൃഷ്ടിയിൽ യാതൊരു ഏറ്റപ്പറ്റും നീ കാണുകയില്ല. എന്നാൽ, നീ (ഒന്ന്) ദൃഷ്ടി മട(ക്കി നോ)ക്കുക: വല്ല പിഴവും നീ കാണുന്നുവോ?!

ثُمَّ ٱرۡجِعِ ٱلۡبَصَرَ كَرَّتَيۡنِ يَنقَلِبۡ إِلَيۡكَ ٱلۡبَصَرُ خَاسِئًا وَهُوَ حَسِيرٌ ﴿٤﴾

﴿4﴾ പിന്നെയും രണ്ട് ആവർത്തി നീ മട(ക്കി നോ)ക്കുക: നിന്ദ്യമായ നിലയിൽ നിന്നിലേക്കുതന്നെ ദൃഷ്ടി തിരിച്ചുവരുന്നതാണ്- അതാകട്ടെ, പരവശപ്പെട്ടതുമായിരിക്കും.

﴿3﴾ ٱلَّذِى خَلَقَ സൃഷ്ടിച്ചവൻ سَبۡعَ سَمَـٰوَٰتٍ ഏഴ് ആകാശങ്ങളെ طِبَاقًا അടുക്കുകളായിട്ട്, അടുക്കടുക്കായി (ഒന്നൊന്നോട്) യോജിച്ചുകൊണ്ട് مَّا تَرَىٰ നീ കാണുകയില്ല فِى خَلۡقِ ٱلرَّحۡمَـٰنِ പരമകാരുണികന്റെ സൃഷ്ടിയിൽ مِن تَفَـٰوُتٍ ഒരു ഏറ്റക്കുറവും (വൈകല്യവും) فَٱرۡجِعِ എന്നാൽ നീ മട(ക്കി നോ)ക്കുക ٱلۡبَصَرَ ദൃഷ്ടിയെ هَلۡ تَرَىٰ നീ കാണുന്നുവോ, കാണുമോ مِن فُطُورٍ വല്ല പിഴവും (കീറലും, പൊട്ടും) ﴿4﴾ ثُمَّ ٱرۡجِعِ പിന്നെ നീ മടക്കി (വീണ്ടും) നോക്കുക ٱلۡبَصَرَ ദൃഷ്ടിയെ, കണ്ണിനെ كَرَّتَيۡنِ രണ്ട് ആവർത്തി (പ്രാവശ്യം) يَنقَلِبۡ തിരിച്ചുവരും, മറിഞ്ഞുവരും إِلَيۡكَ നിന്നിലേക്ക് ٱلۡبَصَرُ ദൃഷ്ടി, കാഴ്ച خَاسِئًا നിന്ദ്യമായ നിലയിൽ (പരാജയപ്പെട്ടുകൊണ്ട്) وَهُوَ അത്, അതാകട്ടെ حَسِيرٌ പരവശപ്പെട്ട (കുഴങ്ങിയ)തായിരിക്കും

'ഏഴ് ആകാശങ്ങളെ' (سبع سماوات)ക്കുറിച്ച് നാം ഇതിനുമുമ്പ് സംസാരിച്ചു കഴിഞ്ഞിട്ടുണ്ട്. (സൂ: മുഅ്മിനൂൻ, 17 ന്റെയും, സൂ: ത്വലാക്, 12 ന്റെയും വ്യാഖ്യാനം നോക്കുക.) അവ ഒന്ന് ഒന്നിനുമീതെ അടുക്കടുക്കായി- അഥവാ തട്ടുതട്ടായി -സ്ഥിതിചെയ്യുന്നുവെന്ന് അല്ലാഹു വ്യക്തമായി പ്രസ്താവിക്കുന്നു. സൂ:ഹദീദിലും ഇതിനെപ്പറ്റി പ്രസ്താവിച്ചു കാണാം. സൂ: മുഅ്മിനൂനിൽ വെച്ച് നാം ചൂണ്ടിക്കാട്ടിയതുപോലെ, നാളിതുവരെ ഒരു ആകാശത്തിന്റെ അതിർത്തി

പോലും ക്ലിപ്തമായി നിർണയിക്കുവാൻ ശാസ്ത്രത്തിന് കഴിഞ്ഞിട്ടില്ലാത്ത സ്ഥിതിക്ക് ആകാശങ്ങളുടെ എണ്ണത്തെക്കുറിച്ചോ, അവയുടെ അടുക്കുകളുടെ സ്വഭാവത്തെക്കുറിച്ചോ ശാസ്ത്രംമുഖേന നമുക്ക് സൂക്ഷ്മവിവരങ്ങൾ ലഭിക്കുവാനില്ല. ലോകസ്രഷ്ടാവായ അല്ലാഹു സൃഷ്ടിച്ചു നിയന്ത്രിച്ചുപോരുന്ന അവയെക്കുറിച്ച് അവൻ വ്യക്തമായ ഭാഷയിൽ പ്രസ്താവിച്ചിട്ടുള്ള ഏതൊരു കാര്യവും അപ്പടി വിശ്വസിക്കുവാൻ ശാസ്ത്രത്തിന്റെയോ മറ്റോ അനുമതി നമുക്ക് ആവശ്യവുമില്ല. ഭൗതികവീക്ഷണകോണിൽ കൂടി നോക്കുമ്പോൾ, ശാസ്ത്രത്തിന്റെ പുരോഗതി വളരെ വമ്പിച്ചതാണെന്ന വിഷയത്തിൽ നമുക്ക് തർക്കമില്ല. പക്ഷേ, അല്ലാഹുവിന്റെ സൃഷ്ടി രഹസ്യങ്ങളാകുന്ന അനന്തയാഥാർത്ഥ്യങ്ങളുടെ മുമ്പിൽ അതിന്റെ സ്ഥാനം- അതെത്ര വമ്പിച്ചതായിരുന്നാലും- കേവലം നിസ്സാരമാകുന്നു. وما أوتيتم من العلم إلا قليلا (നിങ്ങൾക്ക് അറിവിൽനിന്നും അല്പമല്ലാതെ നല്കപ്പെട്ടിട്ടില്ല. 17 : 85)

മേൽപോട്ട് കണ്ണുമിഴിച്ച് നോക്കുമ്പോൾ എല്ലാവർക്കും കാണാവുന്ന ഒരു വമ്പിച്ച നീലക്കുട എന്ന് മാത്രം ആകാശത്തെപ്പറ്റി മനസ്സിലാക്കിയ പാമരൻമാരെയും, ഉപഗ്രഹങ്ങളും ബഹിരാകാശവാഹനങ്ങളും ഉപയോഗിച്ചു ചന്ദ്രനിലും മറ്റും നിരീക്ഷണം നടത്തിവരുന്ന മഹാവീരൻമാരെയും, ആകാശമണ്ഡലത്തിൽ സ്ഥിതി ചെയ്യുന്ന കോടാനുകോടി നക്ഷത്രഗോളങ്ങളെക്കുറിച്ച് അത്യൽഭുതകരങ്ങളായ നിരവധി വിവരങ്ങൾ ശേഖരിച്ചുകൊണ്ടിരിക്കുന്ന ശാസ്ത്രകേസരികളെയും, എന്നുവേണ്ട ഓരോ മനുഷ്യവ്യക്തിയെയും അഭിമുഖീകരിച്ചുകൊണ്ട് അല്ലാഹു ഉറപ്പിച്ചുപറയുന്നു: പരമകാരുണികനായ അവന്റെ സൃഷ്ടിയിൽ എവിടെയെങ്കിലും എന്തെങ്കിലും ഏറ്റക്കുറവോ വൈകല്യമോ കാണാൻ നിങ്ങൾക്ക് കഴിയുകയില്ലെന്ന്. അത്രയും പറഞ്ഞു മതിയാക്കുന്നില്ല. അതിൽ പൊട്ടോ പൊളിയോ പോലുള്ള വല്ല പോരായ്മയും ഉണ്ടോ എന്ന് വീണ്ടും പരിശോധിച്ചു നോക്കുവാൻ ആവർത്തിച്ചു ആഹ്വാനം ചെയ്കയും ചെയ്യുന്നു. പോരാ, നിങ്ങൾ പരാജിതരായി പരവശപ്പെട്ടുകൊണ്ട് പിൻമടങ്ങുകതന്നെ വേണ്ടിവരുമെന്ന് ഖണ്ഡിതമായി പ്രഖ്യാപിക്കുകകൂടി ചെയ്യുന്നു. ഈ പ്രഖ്യാപനത്തെ മറികടക്കുവാൻ ബുദ്ധിയുള്ള -മനസ്സാക്ഷിയുള്ള- വക്രതയില്ലാത്ത- ഭൗതികഭ്രമത്താൽ ഹൃദയം മരവിക്കാത്ത -ഏതെങ്കിലും ഒരു വ്യക്തിക്ക് സാധിക്കുമോ? ഒരിക്കലുമില്ല! ആകാശഭൂമികളിലടങ്ങിയ വിവിധ രഹസ്യങ്ങളെക്കുറിച്ച് മനസ്സിലാക്കുവാൻവേണ്ടി അശ്രാന്തപരിശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുകയും, അതേസമയത്ത് അവയുടെ കർത്താവിനെക്കുറിച്ചും, അവയുടെ പിന്നിൽ പ്രവർത്തിക്കുന്ന അദൃശ്യ മഹാശക്തിയെക്കുറിച്ചും മാത്രം ചിന്തിക്കാതിരിക്കുകയും ചെയ്യുന്ന ആളുകൾക്കോ, നഗ്നമായ യാഥാർത്ഥ്യങ്ങളുടെ നേരെ നിസ്സങ്കോചം കണ്ണടച്ചു നിഷേധിക്കുവാൻ ധൈര്യപ്പെടുന്ന ഹൃദയശൂന്യൻമാർക്കോ അല്ലാതെ ഈ പ്രഖ്യാപനത്തിന് മുമ്പിൽ തല കുനിക്കാതിരിക്കുവാൻ സാധ്യമല്ലതന്നെ. അല്ലാഹുവിന്റെ മഹത്വത്തിനുള്ള മറ്റൊരു ദൃഷ്ടാന്തമാണ് അടുത്ത വചനത്തിൽ ചൂണ്ടിക്കാട്ടുന്നത്:-

وَلَقَدْ زَيَّنَّا ٱلسَّمَآءَ ٱلدُّنْيَا بِمَصَٰبِيحَ وَجَعَلْنَٰهَا رُجُومًا لِّلشَّيَٰطِينِ ۖ وَأَعْتَدْنَا لَهُمْ عَذَابَ ٱلسَّعِيرِ ﴿٥﴾

﴾5﴿ തീർച്ചയായും ഏറ്റവും അടുത്ത ആകാശത്തെ (നക്ഷത്ര) വിളക്കുകൾകൊണ്ട് നാം അലങ്കരിച്ചിട്ടുണ്ട്.

അവയെ നാം പിശാചുക്കളെ എറിഞ്ഞാട്ടുന്നവയും ആക്കിയിരിക്കുന്നു. അവർക്ക് ജ്വലിക്കുന്ന അഗ്നി [നരക] ശിക്ഷ നാം ഒരുക്കിവെക്കുകയും ചെയ്തിരിക്കുന്നു.

﴾5﴿ وَلَقَدْ زَيَّنَّا തീർച്ചയായും നാം അലങ്കരിച്ചി (ഭംഗിയാക്കിയി)ട്ടുണ്ട് ٱلسَّمَآءَ ٱلدُّنْيَا ഏറ്റവും അടുത്ത (ഐഹികമായ) ആകാശത്തെ بِمَصَٰبِيحَ ദീപങ്ങൾകൊണ്ട് وَجَعَلْنَٰهَا അവയെ നാം ആക്കുകയും ചെയ്തിരിക്കുന്നു رُجُومًا എറിയപ്പെടുന്നവ, എറിയാനുള്ളത് لِّلشَّيَٰطِينِ പിശാചുക്കൾക്ക്, പിശാചുക്കളെ وَأَعْتَدْنَا لَهُمْ അവർക്ക് നാം ഒരുക്കിവെക്കുകയും ചെയ്തിരിക്കുന്നു عَذَابَ ٱلسَّعِيرِ ജ്വലിക്കുന്ന അഗ്നിയുടെ (നരകത്തിന്റെ) ശിക്ഷ

എണ്ണമറ്റ നക്ഷത്രങ്ങളെ അല്ലാഹു സൃഷ്ടിച്ചിട്ടുണ്ട്. ഭൂമിയെക്കാളും എത്രയോ മടങ്ങുവലുപ്പം കൂടിയവയും, ഭൂമിയിൽനിന്ന് ബഹുദൂരം അകലെ സ്ഥിതിചെയ്യുന്നവയുമാണ് അവ. അഥവാ ഓരോന്നും ഓരോ മഹാലോകമത്രെ. നമുക്ക് ഊഹിക്കുവാൻപോലും സാധ്യമല്ലാത്ത എന്തൊക്കെയോ സംഭവങ്ങളും, ഏതൊക്കെയോ വസ്തുക്കളും അവയിൽ നടമാടുന്നുണ്ടായിരിക്കും. അതോടൊപ്പംതന്നെ, ഭൂമിക്കുമീതെ വളരെ കമനീയമായി നിർമിക്കപ്പെട്ട അതിവിശാലവും കലാമയവുമായ ഒരു പന്തലിന്റെ മുകൾഭാഗത്ത് മിന്നിത്തിളങ്ങിയും, കത്തിശോഭിച്ചുംകൊണ്ടിരിക്കുന്ന ദീപാലങ്കാരമായും അല്ലാഹു അവയെ ആക്കിവെച്ചിരിക്കുന്നു. കൂടാതെ, ആകാശത്തുവെച്ച് മലക്കുകൾക്കിടയിൽ നടക്കുന്ന ചില സംസാരങ്ങളെ പതിയിരുന്ന് കട്ടുകേൾക്കുന്ന പിശാചുക്കളെ ആട്ടിയോടിക്കുവാനുള്ള ഒരു ഏർപ്പാടും ആ നക്ഷത്രങ്ങൾ വഴി അല്ലാഹു ചെയ്തുവെച്ചിരിക്കുന്നു. അഥവാ അവയിൽനിന്ന് പുറത്തുവരുന്ന ഒരു തരം അഗ്നിജ്വാലകളാകുന്ന ഉൽക്കകൾമൂലം പിശാചുകൾ എറിഞ്ഞാട്ടപ്പെടുന്നു. അങ്ങനെ, ഭൂമിക്കും മനുഷ്യർക്കും അലങ്കാരവസ്തുക്കളായും, പിശാചുക്കൾക്ക് അഗ്നിയമ്പുകളായും അല്ലാഹു അവയെ നിശ്ചയിച്ചിരിക്കുകയാണ്.

ഏറ്റവും അടുത്ത ആകാശം (السماء الدنيا) എന്ന് പറഞ്ഞത് ഭൂമിയുമായി കൂടുതൽ അടുത്തത് എന്ന ഉദ്ദേശ്യത്തിലാകുന്നു. അപ്പോൾ, നാം കാണുന്ന നക്ഷത്രഗോളങ്ങളെല്ലാം സ്ഥിതിചെയ്യുന്നത് ആ ഒരു ആകാശത്തിലാണെന്നും ഏഴ് ആകാശങ്ങളിൽ ബാക്കി ആറും അതിനുപുറമെ- അതിന്നപ്പുറത്ത് -സ്ഥിതിചെ

യ്യുന്നുണ്ടെന്നും, മനുഷ്യന്റെ കഴിവിൽപെട്ട എല്ലാ നിരീക്ഷണങ്ങളും കണ്ടുപിടുത്തങ്ങളും ഈ ഒരേ ആകാശാതിർത്തിക്കുള്ളിൽ മാത്രം നടക്കുന്നതാണെന്നും ഇതിൽനിന്ന് ഊഹിക്കേണ്ടിയിരിക്കുന്നു.

رجوم (റുജൂമ്) എന്ന വാക്കിനാണ് 'എറിഞ്ഞാട്ടുന്നവ' എന്ന് നാം അർത്ഥം കൽപിച്ചിരിക്കുന്നത്. നക്ഷത്രങ്ങളിൽനിന്ന് പുറപ്പെടുന്ന ഉൽക്കകളാൽ പിശാചുക്കളെ എറിഞ്ഞാട്ടുന്ന വിവരം സൂ: ഹിജ്ർ, സ്വാഫ്ഫാത്ത്, ജിന്ന് മുതലായ സൂറത്തുകളിൽ ക്വുർആൻ വ്യക്തമായി പ്രസ്താവിച്ചിട്ടുള്ളതാണ്, അതാണ് ഇവിടെയും സൂചിപ്പിച്ചിരിക്കുന്നത്. ക്വുർആൻ വ്യാഖ്യാതാക്കളെല്ലാം പൊതുവിൽ അംഗീകരിച്ച അർത്ഥവും അതാണ്. *(*)* ഏതോ ചിലർ മാത്രം അതിന് 'ഊഹങ്ങൾ' -അഥവാ ഊഹത്തിന് വിധേയമായവ (ظنونا) എന്ന് അർത്ഥം കൽപിച്ചു കാണാം. നക്ഷത്രങ്ങളുടെ ഗതിവിഗതികളെ അടിസ്ഥാനമാക്കി ഭാവികാര്യങ്ങളെക്കുറിച്ചും മറ്റും ഗണിച്ചു പറയുന്ന ജോത്സ്യക്കാരും, രാശിനോട്ടക്കാരുമാകുന്ന മനുഷ്യപിശാചുക്കളുടെ ഊഹങ്ങൾക്ക് നക്ഷത്രങ്ങൾ ഇടമായിത്തീരുന്നു എന്നാണ് അപ്പോൾ ആ വാക്യത്തിന്റെ താൽപര്യം. ഈ അർത്ഥം സ്വീകരിച്ചാൽ തന്നെയും അവമൂലം പിശാചുക്കൾ എറിഞ്ഞാട്ടപ്പെടുന്നുവെന്നുള്ളതിന് ഈ വാക്യം ഒരു പ്രകാരത്തിലും എതിരാകുന്നില്ല. ഇത് ഒരു വിഷയം അത് മറ്റൊരു വിഷയം. അത്രമാത്രം. പിശാചുക്കളുടെ കട്ടുകേൾവിയെയും, അവരെ ഉൽക്കകൾകൊണ്ട് എറിഞ്ഞാട്ടുന്നതിനെയും നിഷേധിക്കുന്ന യുക്തിവാദക്കാരായ ചില പുത്തൻ വ്യാഖ്യാനക്കാർ ഈ (ظنونا എന്ന) അർത്ഥം പൊക്കിപ്പിടിച്ചുകൊണ്ട് ആ വിഷയകമായി വന്നിട്ടുള്ള എല്ലാ ക്വുർആൻ വചനങ്ങളും ദുർവ്യാഖ്യാനം ചെയ്യാറുണ്ട്. ഇവരെപ്പറ്റി സൂ: ഹിജ്റിനുശേഷമുള്ള വ്യാഖ്യാനക്കുറിപ്പിൽ നാം വേണ്ടത്ര സംസാരിച്ചു കഴിഞ്ഞിട്ടുള്ളതുകൊണ്ട് ഇവിടെ ഒന്നും പ്രസ്താവിക്കുന്നില്ല.

وَلِلَّذِينَ كَفَرُوا۟ بِرَبِّهِمْ عَذَابُ جَهَنَّمَ ۖ وَبِئْسَ ٱلْمَصِيرُ ﴿٦﴾

《6》 തങ്ങളുടെ രക്ഷിതാവിൽ അവിശ്വസിച്ചവർക്ക് 'ജഹന്നമി' [നരകത്തി]ന്റെ ശിക്ഷയുണ്ട്. (ആ) തിരിച്ചെത്തുന്ന സ്ഥലം വളരെ ചീത്ത!

إِذَآ أُلْقُوا۟ فِيهَا سَمِعُوا۟ لَهَا شَهِيقًا وَهِىَ تَفُورُ ﴿٧﴾

《7》 അവർ അതിൽ ഇടപ്പെട്ടാൽ, അതിന് ഒരു ഗർജ്ജനം അവർ കേൾക്കുന്നതാണ്. അതാകട്ടെ, തിളച്ചുമറിഞ്ഞുകൊണ്ടുമിരിക്കും!

(*)* رجم (റജ്മ്) എന്ന ധാതുവിൽനിന്നുള്ളതാണ് رجوم (റുജൂമ്). ഈ ധാതുവിന് 'എറിയുക, എറിഞ്ഞാട്ടുക, എറിഞ്ഞുകൊല്ലുക, ആട്ടിയോടിക്കുക, തുരത്തുക, ശപിക്കുക, ശകാരിക്കുക, ആരോപിക്കുക, തള്ളിക്കളയുക, ഊഹിക്കുക, എയ്യുക' എന്നീ അർത്ഥങ്ങളെല്ലാം വരുന്നതാണ്. എല്ലാം അതത് സന്ദർഭംകൊണ്ട് മനസ്സിലാക്കേണ്ടതാകുന്നു.

تَكَادُ تَمَيَّزُ مِنَ ٱلْغَيْظِ ۖ كُلَّمَآ أُلْقِىَ فِيهَا فَوْجٌ سَأَلَهُمْ خَزَنَتُهَآ أَلَمْ يَأْتِكُمْ نَذِيرٌ ﴿٨﴾

﴿8﴾ ഉഗ്രകോപം നിമിത്തം അത് (പൊട്ടിച്ചിതറി) വേർപെട്ടുപോകുമാറാകും! ഓരോകൂട്ടം (ആളുകൾ) അതിൽ ഇടപ്പെടുമ്പോഴൊക്കെ അതിലെ പാറാവുകാർ അവരോട് ചോദിക്കും: 'നിങ്ങൾക്ക് താക്കീത് നൽകുന്ന ആൾ വന്നിരുന്നില്ലേ?'

قَالُوا۟ بَلَىٰ قَدْ جَآءَنَا نَذِيرٌ فَكَذَّبْنَا وَقُلْنَا مَا نَزَّلَ ٱللَّهُ مِن شَىْءٍ إِنْ أَنتُمْ إِلَّا فِى ضَلَـٰلٍ كَبِيرٍ ﴿٩﴾

﴿9﴾ അവർ പറയും: 'ഇല്ലാതേ! തീർച്ചയായും ഞങ്ങൾക്ക് താക്കീത് നൽകുന്ന ആൾ വന്നിരിക്കുന്നു. എന്നാൽ, ഞങ്ങൾ വ്യാജമാക്കുകയാണ് ചെയ്തത്; ഞങ്ങൾ (അവരോട്) പറയുകയും ചെയ്തു: 'അല്ലാഹു യാതൊന്നും തന്നെ അവതരിപ്പിച്ചിട്ടില്ല; നിങ്ങൾ വലുതായ വഴിപിഴവിലല്ലാതെ (മറ്റൊന്നും) അല്ല.'

وَقَالُوا۟ لَوْ كُنَّا نَسْمَعُ أَوْ نَعْقِلُ مَا كُنَّا فِىٓ أَصْحَـٰبِ ٱلسَّعِيرِ ﴿١٠﴾

﴿10﴾ അവർ (വീണ്ടും) പറയും: ഞങ്ങൾ കേൾക്കുകയോ, ബുദ്ധി കൊടു(ത്തു മനസ്സിലാ)ക്കുകയോ ചെയ്തിരുന്നുവെങ്കിൽ, ഞങ്ങൾ (ഈ) ജ്വലിക്കുന്ന അഗ്നിയുടെ ആൾക്കാരിൽ ആകുമായിരുന്നില്ല.

فَٱعْتَرَفُوا۟ بِذَنۢبِهِمْ فَسُحْقًا لِّأَصْحَـٰبِ ٱلسَّعِيرِ ﴿١١﴾

﴿11﴾ അങ്ങനെ, അവർ തങ്ങളുടെ കുറ്റം (ഏറ്റുപറഞ്ഞു) സമ്മതിക്കുന്നതാണ്. അപ്പോൾ, ജ്വലിക്കുന്ന അഗ്നിയുടെ ആൾക്കാർക്ക് വിദൂരം (അഥവാ ശാപം)!

﴿6﴾ وَلِلَّذِينَ كَفَرُوا۟ അവിശ്വസിച്ചവർക്കുണ്ട് بِرَبِّهِمْ തങ്ങളുടെ രക്ഷിതാവിൽ عَذَابُ جَهَنَّمَ ജഹന്നമിന്റെ ശിക്ഷ وَبِئْسَ വളരെ ചീത്ത ٱلْمَصِيرُ തിരിച്ച് (മടങ്ങി) എത്തുന്ന സ്ഥലം ﴿7﴾ إِذَآ أُلْقُوا۟ അവർ ഇടപ്പെട്ടാൽ فِيهَا അതിൽ سَمِعُوا۟ لَهَا അതിന് അവർ കേൾക്കും شَهِيقًا ഒരു ഗർജനം, അലർച്ച, അട്ടഹാസം, ഉഗ്രശ്വാസം وَهِىَ അത് تَفُورُ തിളച്ചുമറിയുക (ക്ഷോഭിക്കുക- പൊന്തിമറിയുക)യും ചെയ്യും. ﴿8﴾ تَكَادُ അത് ആകാറാകും تَمَيَّزُ വേർപെട്ടുപോകുക مِنَ ٱلْغَيْظِ ഉഗ്രകോപത്താൽ, കഠിനകോപം നിമിത്തം كُلَّمَآ أُلْقِىَ ഇടപ്പെടുമ്പോഴെല്ലാം فِيهَا അതിൽ, അതിലേക്ക് فَوْجٌ

ഒരു കൂട്ടം, സംഘം سَأَلَهُمْ അവരോട് ചോദിക്കും خَزَنَتُهَآ അതിലെ പാറാവുകാർ, കാവൽക്കാർ أَلَمْ يَأْتِكُمْ നിങ്ങൾക്ക് വന്നിരുന്നില്ലേ, വന്നില്ലേ نَذِيرٌ താക്കീതുകാരൻ ﴾9﴿ قَالُوا۟ അവർ പറയും بَلَىٰ ഇല്ലാതെ, (ഉണ്ട്) قَدْ جَآءَنَا തീർച്ചയായും ഞങ്ങൾക്ക് വന്നിട്ടുണ്ട് نَذِيرٌ താക്കീതുകാരൻ فَكَذَّبْنَا എന്നാൽ ഞങ്ങൾ വ്യാജമാക്കി وَقُلْنَا ഞങ്ങൾ പറയുകയും ചെയ്തു مَا نَزَّلَ ٱللَّهُ അല്ലാഹു ഇറക്കിയിട്ടില്ല مِن شَىْءٍ ഒരു വസ്തുവും إِنْ أَنتُمْ നിങ്ങളല്ല إِلَّا فِى ضَلَـٰلٍ വഴിപിഴവി (ദുർമാർഗത്തി)ലല്ലാതെ كَبِيرٍ വലുതായ ﴾10﴿ وَقَالُوا۟ അവർ പറയുകയും ചെയ്യും لَوْ كُنَّا ഞങ്ങളായിരുന്നെങ്കിൽ نَسْمَعُ ഞങ്ങൾ കേട്ടിരുന്നു أَوْ نَعْقِلُ അല്ലെങ്കിൽ ബുദ്ധികൊടുത്തിരുന്നു, മനസ്സിരുത്തിയിരുന്നു, ഗ്രഹിച്ചിരുന്നു مَا كُنَّا ഞങ്ങളാകുമായിരുന്നില്ല فِىٓ أَصْحَـٰبِ ആൾക്കാരിൽ, കൂട്ടരിൽ ٱلسَّعِيرِ ജ്വലിക്കുന്ന അഗ്നിയുടെ, നരകത്തിന്റെ ﴾11﴿ فَٱعْتَرَفُوا۟ അങ്ങനെ അവർ സമ്മതിക്കും, ഏറ്റു പറയും بِذَنۢبِهِمْ തങ്ങളുടെ കുറ്റത്തെ (പാപത്തെ)പ്പറ്റി فَسُحْقًا അപ്പോൾ വിദൂരം (ശാപം), നാശം لِّأَصْحَـٰبِ ٱلسَّعِيرِ ജ്വലിക്കുന്ന നരകത്തിന്റെ ആൾക്കാർക്ക്

സത്യനിഷേധികളായ അവിശ്വാസികളെ നരകത്തിൽ ഇടുമ്പോഴത്തെ സന്ദർഭം അല്ലാഹു വിവരിക്കുകയാണ്. അത്യുഗ്രമായ ഉഷ്ണതാപവും അതികഠോരമായ കോപതാപവും നിമിത്തം സ്വയം പൊട്ടിത്തെറിച്ചു ചിന്നിച്ചിതറിപ്പോകുമാറ് തിളച്ച് വമിച്ച് എരിപൊരികൊള്ളുന്ന നരകം അവരുടെ നേരെ ഇരമ്പി ഗർജിക്കും! അന്നേരം കുറ്റവാളികളുടെ അട്ടഹാസവും, ഭയപ്പാടും, നിലവിളിയും എന്തായിരിക്കുമെന്ന് പറയേണ്ടതില്ലല്ലോ. ഓരോ കൂട്ടം ആളുകളെയും നരകത്തിലേക്ക് വലിച്ചിടുമ്പോൾ അവരോട് അതിലെ ഉദ്യോഗസ്ഥൻമാരായ മലക്കുകൾ ചോദിക്കും: 'ഈ ശിക്ഷയെക്കുറിച്ച് നിങ്ങൾക്ക് താക്കീത് നൽകുന്നതിന് ആരും വന്നിട്ടുണ്ടായിരുന്നില്ലേ?!' നരകത്തിലെ ഉദ്യോഗസ്ഥൻമാരാകട്ടെ- കഴിഞ്ഞ അദ്ധ്യായത്തിൽ കണ്ടതുപോലെ- ദയതോന്നാത്ത പരുഷസ്വഭാവികളും, കഠോരൻമാരും (غلاظ شداد)! ഈ ചോദ്യം അവരെ കൂടുതൽ വ്യാകുലരാക്കുമെന്ന് വ്യക്തമാണ്. തങ്ങളുടെ പക്കൽ വന്നുപോയ തെറ്റ് അങ്ങേഅറ്റത്തെ വിനയത്തോടെ അവർ തുറന്ന് സമ്മതിക്കും. 'ഞങ്ങൾക്ക് താക്കീത് നൽകുന്ന പ്രവാചകൻമാർ വരാതിരുന്നിട്ടില്ല, എങ്കിലും, ഞങ്ങളവരെ നിഷേധിച്ചു തള്ളിക്കളയുകയും പരിഹസിക്കുകയുമാണുണ്ടായത്. അയ്യോ! അന്ന് അത് കേട്ടനുസരിക്കുകയും, ബുദ്ധി ഉപയോഗിച്ച് മനസ്സിരുത്തുകയും ചെയ്തിരുന്നെങ്കിൽ ഈ അനുഭവത്തിന് ഇടവരികയില്ലായിരുന്നു ....!' പക്ഷേ, ഈ അവസരത്തിൽ കുറ്റസമ്മതംകൊണ്ട് ഫലമില്ലല്ലോ. കാരുണ്യത്തിന്റെയും, അനുഗ്രഹത്തിന്റെയും കണികപോലും ഇനി അവർക്ക് പ്രതീക്ഷിക്കുവാനില്ലാത്തവണ്ണം വിദൂരത്തിലും ശാപത്തിലുമാണവരുള്ളത്. اعاذنا الله (അല്ലാഹു നമ്മെ കാത്തുരക്ഷിക്കട്ടെ, ആമീൻ.) നരകത്തിൽ പ്രവേശിക്കുന്ന ഒരാളുംതന്നെ, സ്വർഗത്തെക്കാൾ നരകത്തിനാണ് താൻ അർഹനെന്ന്

ബോധ്യം വരാത്തവരുണ്ടാകയില്ല, എന്ന് ഒരു നബി വചനത്തിൽവന്നിരിക്കുന്നു. (അ)

إِنَّ ٱلَّذِينَ يَخۡشَوۡنَ رَبَّهُم بِٱلۡغَيۡبِ لَهُم مَّغۡفِرَةٞ وَأَجۡرٞ كَبِيرٞ ﴿١٢﴾

﴾12﴿ നിശ്ചയമായും, തങ്ങളുടെ റബ്ബിനെ അദൃശ്യമായ നിലയിൽ ഭയപ്പെടുന്നവർ, അവർക്ക് പാപമോചനവും, വലുതായ പ്രതിഫലവും ഉണ്ട്.

﴾12﴿ إِنَّ നിശ്ചയമായും ٱلَّذِينَ يَخۡشَوۡنَ ഭയപ്പെടുന്നവർ رَبَّهُم തങ്ങളുടെ റബ്ബിനെ بِٱلۡغَيۡبِ അദൃശ്യമായ നിലക്ക് (കാണാതെ) لَهُم അവർക്കുണ്ട് مَّغۡفِرَةٞ പാപമോചനം وَأَجۡرٞ كَبِيرٞ വലുതായ പ്രതിഫലവും

അല്ലാഹുവിനെ അങ്ങോട്ട് കാണുന്നില്ലെങ്കിലും അവൻ ഇങ്ങോട്ട് കാണുന്നുവെന്ന ബോധത്തോടെ വർത്തിക്കുക; സ്വകാര്യജീവിതത്തിലും ബാഹ്യജീവിതത്തിലും ഒരുപോലെ സൂക്ഷ്മത പാലിക്കുക, ജനബോധ്യത്തിനും കീർത്തിക്കും വേണ്ടി പ്രവർത്തിക്കാതിരിക്കുക, അല്ലാഹുവിനെയും അവന്റെ ശിക്ഷയെയും കൺമുമ്പിൽ കണ്ടാലേ വിശ്വസിക്കൂ എന്ന് ശഠിക്കാതെ ലക്ഷ്യദൃഷ്ടാന്തങ്ങൾ മുഖേന യാഥാർത്ഥ്യങ്ങൾ മനസ്സിലാക്കി ഭയഭക്തിയോടെ ജീവിക്കുക മുതലായവയാണ് അദൃശ്യമായ നിലയിൽ റബ്ബിനെ ഭയപ്പെടുന്നതിന്റെ ലക്ഷണങ്ങൾ. അല്ലാഹുവിന്റെ തണലല്ലാതെ മറ്റൊരു തണലും ലഭിക്കാനില്ലാത്ത ആ മഹാ ദിനത്തിൽ അവൻ തണൽ നൽകി രക്ഷിക്കുന്ന ഏഴുകൂട്ടരെപ്പറ്റി വിവരിക്കുന്ന പ്രസിദ്ധമായ ഹദീഥിൽ, നബിﷺ എണ്ണിയിട്ടുള്ള രണ്ടുകൂട്ടർ ഇവരാകുന്നു:

(1) സ്ഥാനമാനവും സൗന്ദര്യവുമുള്ള ഒരു സ്ത്രീ (ദുർവൃത്തിക്കായി) ക്ഷണിച്ചപ്പോൾ ഞാൻ അല്ലാഹുവിനെ യപ്പെടുന്നുവെന്ന് പറഞ്ഞു ഒഴിഞ്ഞുമാറിയവൻ.

(2) വല്ല ദാനധർമവും ചെയ്യുമ്പോൾ വലത്തേകൈ ചിലവഴിച്ചത് ഇടത്തേകൈ അറിയാത്തവണ്ണം ചിലവഴിക്കുന്ന -അഥവാ അത്രയും രഹസ്യമായി ധർമം ചെയ്യുന്ന- മനുഷ്യൻ. (ബു; മു.)

وَأَسِرُّواْ قَوۡلَكُمۡ أَوِ ٱجۡهَرُواْ بِهِۦٓۖ إِنَّهُۥ عَلِيمُۢ بِذَاتِ ٱلصُّدُورِ ﴿١٣﴾

﴾13﴿ നിങ്ങൾ നിങ്ങളുടെ വാക്ക് [സംസാരം] പതുക്കെയാക്കിക്കൊള്ളുക, അല്ലെങ്കിൽ അത് ഉറക്കെയാക്കിക്കൊള്ളുക. [രണ്ടും സമമാണ്.] (കാരണം) നിശ്ചയമായും അവൻ [അല്ലാഹു] ഹൃദയങ്ങളിലുള്ളവയെ പ്പറ്റി അറിയുന്നവനാകുന്നു.

أَلَا يَعْلَمُ مَنْ خَلَقَ وَهُوَ ٱللَّطِيفُ ٱلْخَبِيرُ ﴿١٤﴾

《14》 സൃഷ്ടിച്ചുണ്ടാക്കിയവൻ (എല്ലാം) അറിയുകയില്ലേ! അവനാകട്ടെ, ഗൂഢരഹസ്യമറിയുന്നവനാണ്; സൂക്ഷ്മജ്ഞാനിയാണ്.

《13》 وَأَسِرُّوا۟ നിങ്ങൾ രഹസ്യം (പതുക്കെ) ആക്കുവിൻ قَوْلَكُمْ നിങ്ങളുടെ വാക്ക് (സംസാരം) أَوِ ٱجْهَرُوا۟ بِهِۦٓ അല്ലെങ്കിൽ അതിനെ പരസ്യം (ഉറക്കെ) ആക്കുവിൻ إِنَّهُۥ عَلِيمٌۢ നിശ്ചയമായും അവൻ അറിയുന്നവനാണ് بِذَاتِ ٱلصُّدُورِ നെഞ്ഞ് (ഹൃദയം)കളിലുള്ളതിനെ 《14》 أَلَا يَعْلَمُ അറിയുകയില്ലേ, അവൻ അറിയാതിരിക്കുമോ مَنْ خَلَقَ സൃഷ്ടിച്ചവൻ, അവൻ സൃഷ്ടിച്ചവരെ وَهُوَ അവനാകട്ടെ ٱللَّطِيفُ ഗൂഢമായതിനെ (സൂക്ഷ്മമായതിനെ) അറിയുന്നവനാണ്, സൗമ്യമായുള്ളവനാണ് ٱلْخَبِيرُ സൂക്ഷ്മജ്ഞാനിയാണ്

ألا يعلم من خلق എന്ന വാക്യത്തിന് അവൻ സൃഷ്ടിച്ചുണ്ടാക്കിയവരെ അവൻ അറിയുകയില്ലേ? എന്നും അർത്ഥം വരാവുന്നതാണ്. രണ്ടായാലും ഉദ്ദേശ്യം വ്യക്തം തന്നെ.

വിഭാഗം- 2

هُوَ ٱلَّذِى جَعَلَ لَكُمُ ٱلْأَرْضَ ذَلُولًا فَٱمْشُوا۟ فِى مَنَاكِبِهَا وَكُلُوا۟ مِن رِّزْقِهِۦ ۖ وَإِلَيْهِ ٱلنُّشُورُ ﴿١٥﴾

《15》 അവനത്രെ നിങ്ങൾക്ക് (കൈകാര്യം നടത്തുമാറ്) ഭൂമിയെ വിധേയമാക്കിത്തന്നവൻ. അതിനാൽ നിങ്ങൾ അതിന്റെ തോളുകളിലൂടെ [ഉപരിതലത്തിലൂടെ] സഞ്ചരിക്കുകയും, അവന്റെ (വക) ആഹാരത്തിൽ നിന്ന് തിന്നുകയും ചെയ്തുകൊള്ളുവിൻ. അവങ്കലേക്കുതന്നെയാണ് ഉയിർത്തെഴുന്നേൽപും.

《15》 هُوَ ٱلَّذِى അവനത്രെ യാതൊരുവൻ, അവൻ യാതൊരുവനാണ് جَعَلَ لَكُمُ നിങ്ങൾക്ക് ആക്കിതന്ന ٱلْأَرْضَ ഭൂമിയെ ذَلُولًا വിധേയമായത് (പാകപ്പെട്ടത്) فَٱمْشُوا۟ അതിനാൽ നിങ്ങൾ നടന്ന് (സഞ്ചരിച്ചു) കൊള്ളുവിൻ فِى مَنَاكِبِهَا അതിന്റെ തോള് (വശം- വഴി- ഗിരിമാർഗം- ഉപരിതലം)കളിൽകൂടി وَكُلُوا۟ തിന്നുകയും ചെയ്യുവിൻ مِن رِّزْقِهِ അവന്റെ ആഹാര (ഉപജീവന)ത്തിൽനിന്ന് وَإِلَيْهِ അവനിലേക്കുതന്നെ ٱلنُّشُورُ (ഉയിർത്തു) എഴുന്നേൽപ്

യഥേഷ്ടം വിഹരിക്കുവാനും ഉപജീവനമാർഗങ്ങളന്വേഷിച്ചുകൊണ്ടിരിക്കുവാനും ഉതകത്തക്കവണ്ണം ഭൂമിയെ മനുഷ്യന് പാകപ്പെടുത്തിത്തന്നിട്ടുള്ളതിനെ ഓർമിപ്പിച്ചുകൊണ്ട്, അത് ഉപയോഗപ്പെടുത്തുവാൻ അല്ലാഹു നമ്മെ പ്രോത്സാഹിപ്പിക്കുകയാണ്. എല്ലാം അല്ലാഹു തരും എന്ന് കരുതി അലസമായിരിക്കരുതെന്നും അതിൽ സൂചനയുണ്ട്. അതേ സമയത്ത് ഉപജീവനവിഷയത്തിലും, സമ്പാദ്യത്തിലും മാത്രം ശ്രദ്ധ ചെലുത്തി ഭാവിജീവിതത്തിന്റെ കാര്യം മറക്കരുതെന്നും ഓർമിപ്പിച്ചിരിക്കുന്നു.

ءَأَمِنتُم مَّن فِى ٱلسَّمَآءِ أَن يَخْسِفَ بِكُمُ ٱلْأَرْضَ فَإِذَا هِىَ تَمُورُ ﴿١٦﴾

﴾16﴿ ആകാശത്തുള്ളവനെ- അവൻ നിങ്ങളെ ഭൂമിയിൽ ആഴ്ത്തിക്കളയുന്നത്- നിങ്ങൾ നിർഭയരായിരിക്കുകയാണോ?! എന്നാൽ, അപ്പോഴത് ക്ഷോഭിച്ചു ഇളകി മറിഞ്ഞുകൊണ്ടിരിക്കും!

أَمْ أَمِنتُم مَّن فِى ٱلسَّمَآءِ أَن يُرْسِلَ عَلَيْكُمْ حَاصِبًا ۖ فَسَتَعْلَمُونَ كَيْفَ نَذِيرِ ﴿١٧﴾

﴾17﴿ അതല്ലെങ്കിൽ, ആകാശത്തുള്ളവനെ- അവൻ നിങ്ങളുടെ മേൽ വല്ല ചരൽവർഷവും അയക്കുന്നത്- നിങ്ങൾ നിർഭയരായിരിക്കയാണോ?! എന്നാൽ, നിങ്ങൾക്ക് അറിയാറാകും, എന്റെ താക്കീത് എങ്ങനെയിരിക്കുന്നുവെന്ന്!

وَلَقَدْ كَذَّبَ ٱلَّذِينَ مِن قَبْلِهِمْ فَكَيْفَ كَانَ نَكِيرِ ﴿١٨﴾

﴾18﴿ തീർച്ചയായും, ഇവരുടെ മുമ്പുള്ളവരും വ്യാജമാക്കുകയുണ്ടായിട്ടുണ്ട്. എന്നിട്ട്, എന്റെ പ്രതിഷേധം എങ്ങനെയുണ്ടായി?! [അവർ അതൊന്ന് ആലോചിച്ച് നോക്കട്ടെ.]

﴾16﴿ ءَأَمِنتُم നിങ്ങൾ സമാധാനപ്പെട്ടുവോ, നിർഭയരായോ مَّن فِى ٱلسَّمَآءِ ആകാശത്തുള്ളവനെ أَن يَخْسِفَ بِكُمُ നിങ്ങളെ അവൻ ആഴ്ത്തുന്നതിനെ, വിഴുങ്ങിക്കുന്നത് ٱلْأَرْضَ ഭൂമിയിൽ, ഭൂമിയെ فَإِذَا هِىَ എന്നാൽ അപ്പോഴത് تَمُورُ പിടച്ചുമറിയും, ഇളകി ക്ഷോഭിക്കും, കിടിലംകൊള്ളും ﴾17﴿ أَمْ أَمِنتُم അതല്ലെങ്കിൽ നിങ്ങൾ സമാധാനപ്പെട്ടുവോ, നിർഭയരായോ مَّن فِى ٱلسَّمَآءِ ആകാശത്തിലുള്ളവനെ أَن يُرْسِلَ അവൻ അയക്കുന്നത് عَلَيْكُمْ നിങ്ങളുടെ മേൽ حَاصِبًا ചരൽ വർഷം, ചരൽ കാറ്റ് فَسَتَعْلَمُونَ എന്നാൽ നിങ്ങൾക്കറിയാറാകും, വഴിയെ അറിയും كَيْفَ എങ്ങനെയാണ് (എന്ന്) نَذِيرِ എന്റെ താക്കീത്, താക്കീതുകാരൻ ﴾18﴿ وَلَقَدْ كَذَّبَ തീർച്ചയായും

വ്യാജമാക്കി ٱلَّذِينَ مِن قَبْلِهِمْ അവരുടെ മുമ്പുള്ളവർ فَكَيْفَ كَانَ എന്നിട്ട് എങ്ങനെയായി, ഉണ്ടായി نَكِيرِ എന്റെ പ്രതിഷേധം, വെറുപ്പ്

من في السماء (ആകാശത്തിലുള്ളവൻ) എന്ന് പറഞ്ഞത് അല്ലാഹുവിനെ ഉദ്ദേശിച്ചാണ്. പക്ഷേ, അവൻ അവന്റെ സൃഷ്ടിയായ ആകാശത്തിൽ ഒരിടത്ത് ഇരിക്കുകയാണെന്നോ മറ്റോ ഈ വാക്കുമൂലം ഊഹിക്കാവതല്ല. അല്ലാഹു അനാദ്യനും, അനന്തനും, എല്ലാറ്റിൽനിന്നും വ്യത്യസ്തനുമാണല്ലോ. അല്ലാഹു അർശിൻമേൽ ആരോഹണം ചെയ്തു. (استوى على العرش) എന്നത്പോലെയുള്ള ഒരു പ്രയോഗം തന്നെയാണിതും. ഇത്തരം പ്രയോഗങ്ങളെക്കുറിച്ച് നാം ഇതിന് മുമ്പ് ചിലപ്പോഴൊക്കെ സംസാരിച്ചിട്ടുണ്ട്. അവയുടെ ബാഹ്യാർത്ഥമല്ലാതെ, അവയുടെ യാഥാർത്ഥ്യം തിട്ടപ്പെടുത്തുവാൻ നമുക്ക് സാധ്യമല്ല. എന്തെങ്കിലും വ്യാഖ്യാനം നൽകി തൃപ്തിപ്പെടുത്തുന്നതിനെക്കാൾ ഉത്തമവും സുരക്ഷിതവുമായ മാർഗം, വ്യാഖ്യാനം അല്ലാഹുവിങ്കലേക്ക് വിടുകയാകുന്നു. സൂ: സജദഃയിൽ يدبر الأمر من السماء إلى الأرض (അവൻ ആകാശത്തുനിന്ന് ഭൂമിയിലേക്ക് കാര്യം നിയന്ത്രിച്ചുകൊണ്ടിരിക്കുന്നു) എന്ന് പറഞ്ഞിരിക്കുന്നു. അവിടെ നാം പ്രസ്താവിച്ച സംഗതികൾ ഇവിടെയും ഓർക്കുന്നത് നന്നായിരിക്കും.

നിങ്ങളുടെ നിഷേധവും ധിക്കാരവും അവസാനിപ്പിക്കാതെ എന്നും നിങ്ങൾക്കിവിടെ ശാന്തമായി കഴിഞ്ഞുകൂടാമെന്ന് കരുതേണ്ട. ഈ ഭൂമി ക്ഷോഭിച്ചിളകി അതിൽ നിങ്ങളെ ആഴ്ത്തിക്കളയുകയോ, അല്ലെങ്കിൽ ഒരു ചരൽവർഷം– അല്ലെങ്കിൽ ചരൽകാറ്റ്– അയച്ചുകൊണ്ട് നിങ്ങളെ നശിപ്പിക്കുകയോ ചെയ്യാൻ അല്ലാഹുവിന് ഒട്ടും പ്രയാസമില്ല. നിങ്ങളെപ്പോലുള്ളവരിൽ അങ്ങനെ പലതും ഇതിനുമുമ്പ് സംഭവിച്ചിട്ടുമുണ്ട്. നിങ്ങളിൽ അപ്രകാരമുള്ള ആപത്തുകളൊന്നും സംഭവിക്കുകയില്ലെന്ന് ഭയം കൂടാതെ നിങ്ങൾ സമാധാനപ്പെട്ടിരിക്കുകയാണോ? ആ വിചാരം വേണ്ട എന്നൊക്കെയാണ് ഈ വചനങ്ങളുടെ സാരം. ക്വാറൂനും അവന്റെ ഭവനവും ഭൂമിയിൽ ആഴ്ത്തപ്പെട്ടതും, ലൂത്ത് നബി (അ)യുടെ ജനതയുടെ മേൽ ചരൽവർഷം ഉണ്ടായതും, കഅ്ബഃ പൊളിക്കുവാൻ ശ്രമിച്ച ആനപ്പട്ടാളം കല്ലുകളാൽ നശിപ്പിക്കപ്പെട്ടതും മേൽപറഞ്ഞതിന് ഉദാഹരണങ്ങളാണല്ലോ.

أَوَلَمْ يَرَوْا۟ إِلَى ٱلطَّيْرِ فَوْقَهُمْ صَٰٓفَّٰتٍ وَيَقْبِضْنَ ۚ مَا يُمْسِكُهُنَّ إِلَّا ٱلرَّحْمَٰنُ ۚ إِنَّهُۥ بِكُلِّ شَىْءٍۭ بَصِيرٌ ﴿١٩﴾

《19》 അവരുടെ മീതെ (ചിറുകു വിരുത്തി) അണിനിരന്നുകൊണ്ടും, (ചിറക്) കൂട്ടിപ്പിടിച്ചുകൊണ്ടും പക്ഷികളെ അവർ നോക്കിക്കണ്ടിട്ടില്ലേ?!

പരമകാരുണികനല്ലാതെ (ആരും) അവയെ പിടിച്ചു നിറുത്തുന്നില്ല. നിശ്ചയമായും, അവൻ എല്ലാ വസ്തുവെക്കുറിച്ചും, കണ്ടറിയുന്നവനാകുന്നു.

﴿19﴾ أَوَلَمْ يَرَوْا അവർ കണ്ടില്ലേ, നോക്കുന്നില്ലേ إِلَى ٱلطَّيْرِ പക്ഷികളിലേക്ക് فَوْقَهُمْ അവരുടെ മീതെ صَـٰٓفَّـٰتٍ അണിനിരന്നുകൊണ്ട്, വരിയായിട്ട് وَيَقْبِضْنَ അവ കൂട്ടുകയും ചെയ്യും, (കൂട്ടിക്കൊണ്ടും) مَا يُمْسِكُهُنَّ അവയെ പിടിച്ചു നിറുത്തുന്നില്ല إِلَّا ٱلرَّحْمَـٰنُ പരമകാരുണികനല്ലാതെ إِنَّهُۥ നിശ്ചയമായും അവൻ بِكُلِّ شَىْءٍۭ എല്ലാ കാര്യത്തെ (വസ്തുവെ)ക്കുറിച്ചും بَصِيرٌ കണ്ടറിയുന്നവനാണ്

ഇതെല്ലാം അല്ലാഹുവിന്റെ അപാരമായ കഴിവുകളുടെ വ്യക്തമായ ദൃഷ്ടാന്തങ്ങളാണല്ലോ.

أَمَّنْ هَـٰذَا ٱلَّذِى هُوَ جُندٌ لَّكُمْ يَنصُرُكُم مِّن دُونِ ٱلرَّحْمَـٰنِ ۚ إِنِ ٱلْكَـٰفِرُونَ إِلَّا فِى غُرُورٍ ﴿٢٠﴾

﴿20﴾ അതല്ലാ, ഇങ്ങനെയുള്ള ഒരുവൻ- അതായത്, പരമകാരുണികനായുള്ളവന് പുറമെ നിങ്ങളെ സഹായിക്കുന്ന നിങ്ങളുടെ ഒരു പട്ടാളമായുള്ളവൻ- ആരാണുള്ളത്?! അവിശ്വാസികൾ വഞ്ചനയിൽ (അകപ്പെട്ടിരിക്കുക) അല്ലാതെ (മറ്റൊന്നും) അല്ല.

أَمَّنْ هَـٰذَا ٱلَّذِى يَرْزُقُكُمْ إِنْ أَمْسَكَ رِزْقَهُۥ ۚ بَل لَّجُّوا۟ فِى عُتُوٍّ وَنُفُورٍ ﴿٢١﴾

﴿22﴾ അതല്ലെങ്കിൽ, ഇങ്ങനെയുള്ള ഒരുവൻ- അതായത്, അവന്റെ [അല്ലാഹുവിന്റെ] ആഹാരം അവൻ നിറുത്തിവെച്ചാൽ നിങ്ങൾക്ക് ആഹാരം നൽകുന്നവൻ- ആരാണുള്ളത്?! (ആരുമില്ല.) എങ്കിലും, അവർ ധിക്കാരത്തിലും, വെറുപ്പിലും നിരതരായിരിക്കയാണ്.

أَفَمَن يَمْشِى مُكِبًّا عَلَىٰ وَجْهِهِۦٓ أَهْدَىٰٓ أَمَّن يَمْشِى سَوِيًّا عَلَىٰ صِرَٰطٍ مُّسْتَقِيمٍ ﴿٢٢﴾

﴿22﴾ അപ്പോൾ, മുഖം കുത്തിമറിഞ്ഞുകൊണ്ട് നടക്കുന്നവനാണോ കൂടുതൽ സൻമാർഗം പ്രാപിച്ചവൻ, അതല്ല, നേരെയുള്ള പാതയിലൂടെ ശരിക്ക് നടക്കുന്നവനോ?!

﴿20﴾ أَمَّنْ അതല്ല (അതല്ലെങ്കിൽ- അഥവാ) ആരാണ് هَـٰذَا ഇവൻ (ഇങ്ങനെയുള്ളവൻ) ٱلَّذِى അതായത് യാതൊരുവൻ هُوَ جُندٌ لَّكُمْ അവൻ നിങ്ങൾക്ക് പട്ടാളമാണ്, സൈന്യമാണ് يَنصُرُكُم നിങ്ങളെ സഹായിക്കുന്ന مِّن دُونِ ٱلرَّحْمَـٰنِ പരമകാരു

ണികന് പുറമെ (കൂടാതെ) إِلَّا فِي غُرُورٍ ഇൻ ٱلْكَٰفِرُونَ إِنِ ٱلْكَٰفِرُونَ അവിശ്വാസികളല്ല വഞ്ചനയില
ല്ലാതെ ﴾21﴿ أَمَّنْ هَٰذَا അതല്ല ഇവനാരാണ് ٱلَّذِى يَرْزُقُكُمْ അതായത് നിങ്ങൾക്ക്
ആഹാരം (ഉപജീവനം) നൽകുന്ന إِنْ أَمْسَكَ അവൻ നിറുത്തിയാൽ, പിടിച്ചുവെ
ക്കുന്നപക്ഷം رِزْقَهُۥ അവന്റെ ആഹാരം بَل لَّجُّوا۟ (എങ്കിലും) എന്നാൽ അവർ നിരത
രായിരിക്കുന്നു, ശഠിച്ചുനിൽക്കുകയാണ് فِى عُتُوٍّ ധിക്കാര (അതിക്രമ)ത്തിൽ وَنُفُورٍ
വെറുപ്പിലും, അറപ്പിലും ﴾22﴿ أَفَمَن يَمْشِى അപ്പോൾ (എന്നാൽ) നടക്കുന്നവനോ
مُكِبًّا മറിഞ്ഞു (കമിഴ്ന്നു) വീണുകൊണ്ട് عَلَىٰ وَجْهِهِۦٓ തന്റെ മുഖത്തിൻമേൽ (മുഖം
കുത്തി) أَهْدَىٰٓ കൂടുതൽ സൻമാർഗം (നേർവഴി) പ്രാപിച്ചവൻ أَمَّن يَمْشِى അതല്ല
(അതോ) നടക്കുന്നവനോ سَوِيًّا ശരിക്ക്, നേരെ عَلَىٰ صِرَٰطٍ പാതയിലൂടെ مُّسْتَقِيمٍ
നേർക്കുനേരെയുള്ള, ചൊവ്വായ

സാരം: അല്ലാഹു അല്ലാത്ത ഒന്നിനെയും ആരാധിച്ചിട്ട് യാതൊരു ഫലവുമില്ല. ആരിൽനിന്നും ഒരു സഹായവും അവർക്ക് പ്രതീക്ഷിക്കുവാനില്ല. അല്ലാഹുവിന്റെ ശിക്ഷയിൽനിന്ന് അവരെ സഹായിക്കുവാൻ തക്ക ഏതൊരു സേനയാണ് അവർക്കുള്ളത്! ആരുമില്ല, പക്ഷേ, അവർ വഞ്ചിതരായിരിക്കുകമാത്രമാണ്. അല്ലാഹു അവർക്ക് നൽകിക്കൊണ്ടിരിക്കുന്ന ഉപജീവനമാർഗം അവൻ നിറുത്തൽ ചെയ്തുവെന്ന് വിചാരിക്കുക. എന്നാൽ പിന്നെ അവർക്ക് ആഹാരത്തിന് വക നൽകുവാൻ വേറെ ആരുണ്ട്?! ആരുമില്ല. വാസ്തവത്തിൽ ഇതെല്ലാം അവർക്ക് ആലോചിച്ചറിയാവുന്ന സ്പഷ്ടമായ യാഥാർത്ഥ്യങ്ങളത്രെ. എന്നിട്ടും അവർ സത്യത്തെ ധിക്കരിച്ചും, വെറുത്തും കൊണ്ടുതന്നെ കഴിഞ്ഞുകൂടുകയാണ്. പിന്നെ എങ്ങനെയാണ് അവർക്ക് രക്ഷകിട്ടുക?! നേർക്കുനേരെ ചൊവ്വായ മാർഗത്തിലൂടെ ശരിക്ക് നടന്നുപോകുന്നവരും, വക്രമായ വഴിയിലൂടെ മുഖം കുത്തിമറിഞ്ഞും വീണുംകൊണ്ട് പോകുന്നവരും ഒരിക്കലും സമമാകുകയില്ലല്ലോ. ഇവരിൽ ആരാണ് ഉദ്ദിഷ്ടസ്ഥാനത്ത് എത്തിച്ചേരുക എന്ന് പറയേണ്ടതില്ല. ഇതുപോലെയാണ് സത്യവിശ്വാസികളുടെയും, അവിശ്വാസികളുടെയും സ്ഥിതിയും.

قُلْ هُوَ ٱلَّذِىٓ أَنشَأَكُمْ وَجَعَلَ لَكُمُ ٱلسَّمْعَ وَٱلْأَبْصَٰرَ وَٱلْأَفْـِٔدَةَ ۖ قَلِيلًا مَّا تَشْكُرُونَ ﴿٢٣﴾

﴾23﴿ (നബിയേ) പറയുക: 'നിങ്ങളെ (സൃഷ്ടിച്ച്) ഉണ്ടാക്കുകയും, നിങ്ങൾക്ക് കേൾവിയും, കാഴ്ചകളും, ഹൃദയങ്ങളും ഏർപ്പെടുത്തിത്തരുകയും ചെയ്തവനത്രെ അവൻ [അല്ലാഹു]. നന്നെക്കുറച്ചേ നിങ്ങൾ നന്ദിചെയ്യുന്നുള്ളൂ.

قُلۡ هُوَ ٱلَّذِى ذَرَأَكُمۡ فِى ٱلۡأَرۡضِ وَإِلَيۡهِ تُحۡشَرُونَ ﴿٢٤﴾

﴿24﴾ പറയുക: 'നിങ്ങളെ ഭൂമിയിൽ പെരുപ്പിച്ചുണ്ടാക്കിയവൻ അവനത്രെ. അവനിലേക്ക് തന്നെ നിങ്ങൾ ഒരുമിച്ചു കൂട്ടപ്പെടുകയും ചെയ്യുന്നു.'

وَيَقُولُونَ مَتَىٰ هَٰذَا ٱلۡوَعۡدُ إِن كُنتُمۡ صَٰدِقِينَ ﴿٢٥﴾

﴿25﴾ അവർ [അവിശ്വാസികൾ] പറയുന്നു: 'എപ്പോഴാണ് ഈ (ഒരുമിച്ചു കൂട്ടുമെന്ന) വാഗ്ദാനം? -നിങ്ങൾ സത്യവാൻമാരാണെങ്കിൽ (കേൾക്കട്ടെ)!'

قُلۡ إِنَّمَا ٱلۡعِلۡمُ عِندَ ٱللَّهِ وَإِنَّمَآ أَنَا۠ نَذِيرٌ مُّبِينٌ ﴿٢٦﴾

﴿26﴾ പറയുക: നിശ്ചയമായും (ആ) അറിവ് അല്ലാഹുവിന്റെ പക്കൽ മാത്രമാകുന്നു, ഞാൻ സ്പഷ്ടമായ ഒരു താക്കീതുകാരൻ മാത്രമാണ്.

﴿23﴾ قُلۡ നീ പറയുക هُوَ ٱلَّذِى അവൻ യാതൊരുവൻ أَنشَأَكُمۡ നിങ്ങളെ ഉണ്ടാക്കിയ (സൃഷ്ടിച്ച), ഉല്പത്തിയാക്കിയ وَجَعَلَ لَكُمُ നിങ്ങൾക്ക് ഏർപ്പെടുത്തിത്തരുകയും ٱلسَّمۡعَ കേൾവി وَٱلۡأَبۡصَٰرَ കാഴ്ച (കണ്ണുകളും) وَٱلۡأَفۡـِٔدَةَ ഹൃദയങ്ങളും قَلِيلًا مَّا എന്തോ (നന്നെ) കുറച്ച് (മാത്രം) تَشۡكُرُونَ നിങ്ങൾ നന്ദികാട്ടുന്നു (ചെയ്യുന്നു) ﴿24﴾ قُلۡ നീ പറയുക هُوَ ٱلَّذِى യാതൊരുവൻ അവനത്രെ ذَرَأَكُمۡ നിങ്ങളെ പെരുപ്പിച്ചുണ്ടാക്കിയ فِى ٱلۡأَرۡضِ ഭൂമിയിൽ وَإِلَيۡهِ അവനിലേക്ക് (തന്നെ) تُحۡشَرُونَ നിങ്ങൾ ഒരുമിച്ചു (ശേഖരിച്ചു) കൂട്ടപ്പെടുന്നു ﴿25﴾ وَيَقُولُونَ അവർ പറയുന്നു مَتَىٰ എപ്പോഴാണ് هَٰذَا ٱلۡوَعۡدُ ഈ വാഗ്ദാനം إِن كُنتُمۡ നിങ്ങളാണെങ്കിൽ صَٰدِقِينَ സത്യവാൻമാർ ﴿26﴾ قُلۡ നീ പറയുക إِنَّمَا ٱلۡعِلۡمُ നിശ്ചയമായും അറിവ് عِندَ ٱللَّهِ അല്ലാഹുവിങ്കൽ (മാത്രം) ആകുന്നു وَإِنَّمَآ أَنَا۠ നിശ്ചയമായും ഞാൻ نَذِيرٌ ഒരു താക്കീതുകാരൻ (മാത്രം) مُّبِينٌ സ്പഷ്ടമായ

എല്ലാവരെയും ഒരുമിച്ചു കൂട്ടുന്ന ആ ദിവസം എപ്പോഴാണെന്ന് അല്ലാഹുവിന് മാത്രമേ അറിയുകയുള്ളൂ. എനിക്കോ മറ്റാർക്കെങ്കിലുമോ അതറിയുകയില്ല. എന്റെ ചുമതല നിങ്ങളെ വ്യക്തമായി താക്കീത് ചെയ്യൽ മാത്രമാണ്. പക്ഷേ, ഒരിക്കൽ അത് അനുഭവപ്പെടുമെന്ന കാര്യത്തിൽ സംശയിക്കേണ്ട. അതിന്റെ സമയത്തെക്കുറിച്ചല്ല, അതിനെ തുടർന്നുണ്ടാവാനിരിക്കുന്ന ഭവിഷ്യത്തുകളെക്കുറിച്ചാണ് നിങ്ങൾ അന്വേഷിക്കേണ്ടത് എന്ന് താൽപര്യം. ആ ദിവസം ആസന്നഭാവിയിൽ വന്നെത്തുമെന്ന കാര്യം ഉറപ്പായതുകൊണ്ട് അത് സംഭവിക്കുമ്പോൾ അവരിലുണ്ടാകുന്ന പ്രതികരണങ്ങളെപ്പറ്റി ഭൂതകാലരൂപത്തിൽ അല്ലാഹു പ്രസ്താവിക്കുന്നു:

فَلَمَّا رَأَوْهُ زُلْفَةً سِيٓـَٔتْ وُجُوهُ ٱلَّذِينَ كَفَرُوا۟ وَقِيلَ هَٰذَا ٱلَّذِى كُنتُم بِهِۦ تَدَّعُونَ ﴿٢٧﴾

《27》 എന്നാൽ, അവർ അത് സമീപിച്ചതായി കണ്ടപ്പോൾ (ആ) അവിശ്വസിച്ചവരുടെ മുഖങ്ങൾക്ക് മ്ലാനത ബാധിച്ചു! (അവരോട്) പറയപ്പെടുകയും ചെയ്തു: നിങ്ങൾ യാതൊന്നിനെക്കുറിച്ച് വാദിച്ചുകൊണ്ടിരുന്നുവോ അതത്രെ ഇത്.

《27》 فَلَمَّا رَأَوْهُ അങ്ങനെ അവരത് കണ്ടപ്പോൾ زُلْفَةً സമീപത്ത്, അടുത്തായി سِيٓـَٔتْ മ്ലാനമാക്കപ്പെട്ടു (വഷളായി- കറുത്ത്- ദുഃഖപ്പെട്ടു) وُجُوهُ ٱلَّذِينَ യാതൊരു കൂട്ടരുടെ മുഖങ്ങൾ كَفَرُوا۟ അവിശ്വസിച്ച وَقِيلَ പറയപ്പെടുകയും ചെയ്തു هَٰذَا ٱلَّذِى ഇതാ യാതൊന്നും, യാതൊന്ന് ഇതത്രെ كُنتُم بِهِۦ അതിനെക്കുറിച്ച് നിങ്ങളായിരുന്നു تَدَّعُونَ വാദിക്കും, വിളിച്ചാവശ്യപ്പെടുക

ആ സന്ദർഭം അത്രവിദൂരമൊന്നുമല്ല. വന്നു കഴിഞ്ഞുവെന്നുതന്നെ പറയാം, അതവർ കാത്തിരുന്നുകൊള്ളട്ടെ എന്നാണ് ഭൂതകാലരൂപത്തിലുള്ള ഈ പ്രയോഗത്തിലടങ്ങിയ സൂചന. تدعون എന്ന വാക്കിന് 'വാദിക്കുക' എന്നും 'വിളിച്ചാവശ്യപ്പെടുക' എന്നും അർത്ഥം വരാം. അന്ത്യനാളിനെക്കുറിച്ച് തർക്കിച്ചും വാദിച്ചും കഴിയുന്നവരും, എന്താണ് അത് വന്നു കാണാത്തതെന്ന് പരിഹാസപൂർവ്വം ധൃതികൂട്ടിക്കൊണ്ടിരിക്കുന്നവരുമാണല്ലോ അവർ.

قُلْ أَرَءَيْتُمْ إِنْ أَهْلَكَنِىَ ٱللَّهُ وَمَن مَّعِىَ أَوْ رَحِمَنَا فَمَن يُجِيرُ ٱلْكَٰفِرِينَ مِنْ عَذَابٍ أَلِيمٍ ﴿٢٨﴾

《28》 പറയുക: 'നിങ്ങൾ കണ്ടുവോ, എന്നെയും, എന്റെ കൂടെയുള്ളവരെയും അല്ലാഹു നശിപ്പിക്കുകയോ, അല്ലെങ്കിൽ ഞങ്ങൾക്ക് അവൻ കരുണചെയ്യുകയോ ചെയ്താൽ,

എന്നാൽ ആരാണ് വേദനയേറിയ ശിക്ഷയിൽനിന്ന് അവിശ്വാസികൾക്ക് രക്ഷ നൽകുന്നത്? [ഇതൊന്ന് പറയുവിൻ]!

قُلْ هُوَ ٱلرَّحْمَٰنُ ءَامَنَّا بِهِۦ وَعَلَيْهِ تَوَكَّلْنَا ۖ فَسَتَعْلَمُونَ

《29》 പറയുക: 'അവൻ പരമകാരുണികനത്രെ; അവനിൽ ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു; അവന്റെ മേൽതന്നെ ഞങ്ങൾ ഭരമേൽപിക്കുകയും ചെയ്തിരിക്കുന്നു.'

مَنۡ هُوَ فِي ضَلَٰلٖ مُّبِينٖ ﴿٢٩﴾

എന്നാൽ, (അടുത്ത്) നിങ്ങൾക്ക് അറിയാറാകും: സ്പഷ്ടമായ വഴിപിഴവിൽ ആരാണുള്ളത് എന്ന്!

﴾28﴿ قُلۡ നീ പറയുക أَرَءَيۡتُمۡ നിങ്ങൾ കണ്ടുവോ (പറയുവിൻ) إِنۡ أَهۡلَكَنِيَ എന്നെ നശിപ്പിച്ചാൽ ٱللَّهُ അല്ലാഹു وَمَن مَّعِيَ എന്റെ കൂടെയുള്ളവരെയും أَوۡ رَحِمَنَا അല്ലെങ്കിൽ അവൻ ഞങ്ങൾക്ക് കരുണ (ദയ) ചെയ്താൽ فَمَن يُجِيرُ എന്നാൽ ആർ രക്ഷിക്കും, കാക്കും ٱلۡكَٰفِرِينَ അവിശ്വാസികളെ مِنۡ عَذَابٍ ശിക്ഷയിൽനിന്ന് أَلِيمٖ വേദനയേറിയ ﴾29﴿ قُلۡ هُوَ നീ പറയുക അവൻ ٱلرَّحۡمَٰنُ പരമകാരുണികനാണ് ءَامَنَّا بِهِۦ ഞങ്ങൾ അവനിൽ വിശ്വസിച്ചിരിക്കുന്നു وَعَلَيۡهِ അവന്റെ മേൽതന്നെ تَوَكَّلۡنَا ഞങ്ങൾ ഭരമേൽപിക്കയും ചെയ്തിരിക്കുന്നു فَسَتَعۡلَمُونَ എന്നാൽ നിങ്ങൾക്ക് അറിയാറാകും, വഴിയെ അറിയും مَنۡ ആർ, ഏതൊരുവനാണ് هُوَ അവൻ فِي ضَلَٰلٖ വഴിപിഴവി(ദുർമാർഗത്തി)ലാണ് مُّبِينٖ സ്പഷ്ടമായ, വ്യക്തമായ

ഖുർആനിൽ പലേടങ്ങളിലും കാണാവുന്നതുപോലെ, ഇവിടെയും ഇതിനു മുമ്പുള്ള ചില വചനങ്ങളിലും അല്ലാഹുവിന്റെ പരമകാരുണികൻ (الرحمن) എന്ന നാമം ഉപയോഗിച്ചിരിക്കുന്നത് ശ്രദ്ധേയമാകുന്നു. അവന്റെ കാരുണ്യാധിക്യത്തെ അനുസ്മരിപ്പിച്ചുകൊണ്ടിരിക്കുകയും, പാപികൾ പശ്ചാത്തപിച്ചു മടങ്ങുന്നപക്ഷം അവന്റെ കാരുണ്യത്തിൽ നിരാശക്ക് അവകാശമില്ലെന്ന് ഓർമപ്പെടുത്തുകയുമാണ് അവ ചെയ്യുന്നത്.

قُلۡ أَرَءَيۡتُمۡ إِنۡ أَصۡبَحَ مَآؤُكُمۡ غَوۡرٗا فَمَن يَأۡتِيكُم بِمَآءٖ مَّعِينِۭ ﴿٣٠﴾

﴾30﴿ പറയുക: 'നിങ്ങൾ കണ്ടുവോ, നിങ്ങളുടെ വെള്ളം വറ്റിയതായിത്തീർന്നാൽ, ആരാണ് നിങ്ങൾക്ക് ഒഴുകുന്ന (ഉറവ്) വെള്ളം കൊണ്ടുവന്നു തരുക? (പറയുവിൻ)!

﴾30﴿ قُلۡ أَرَءَيۡتُمۡ പറയുക; നിങ്ങൾ കണ്ടുവോ إِنۡ أَصۡبَحَ ആയിത്തീർന്നാൽ مَآؤُكُمۡ നിങ്ങളുടെ വെള്ളം غَوۡرٗا വറ്റിയത്, വരണ്ടത് فَمَن എന്നാലാരാണ് يَأۡتِيكُم നിങ്ങൾക്ക് കൊണ്ടുവരുക بِمَآءٖ വെള്ളം مَّعِينِۭ ഒഴുകിവരുന്ന, ഉറവ്, പൊടിഞ്ഞുവരുന്ന

അല്ലാഹുവല്ലാതെ ആരുമില്ലെന്ന് വ്യക്തം. സാധാരണ പതിവിൽ കവിഞ്ഞു കുറച്ച് ദിവസങ്ങളോളം മഴപെയ്യാൻ താമസിച്ചാലത്തെ കഥ നമുക്കെല്ലാവർക്കും അറിയാമല്ലോ. ഒരുപക്ഷേ, കിണറും കുളവും ആഴംകൂട്ടിയോ, പമ്പ് ഉപയോഗിച്ചോ ചില ദിവസങ്ങൾകൂടി കഴിച്ചുകൂട്ടാമെന്ന് വിചാരിക്കുക. എന്നാൽ,

ആകാശത്ത്നിന്ന് മഴ പെയ്യുവാൻ ദീർഘിച്ചുപോയാൽ- അല്ലെങ്കിൽ ഭൂമിയിലെ ഈർപ്പവും ഉറവും ഉണങ്ങിപ്പോയാൽ- ഇതുകൊണ്ടൊന്നും പ്രയോജനമില്ലല്ലോ. അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്ക് നന്ദി ചെയ്യുകയും, അവന്റെ ദൃഷ്ടാന്തങ്ങളെ പ്രയോജനപ്പെടുത്തുകയും ചെയ്യുന്ന ബുദ്ധിമാൻമാരുടെ കൂട്ടത്തിൽ അവൻ നമ്മെയെല്ലാം ഉൾപ്പെടുത്തട്ടെ. ആമീൻ.

ولله الحمد والمنة